# FOCUS

## A QUARTERLY DIGEST
## FOR
## THE LAW MAKER

Prepared by
THE SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

FOCUS

വാല്യം : LIII ഏപ്രിൽ - ജൂൺ 2023 നം. II

# ഉള്ളടക്കം

## നയജാലകം

പേജ് നമ്പർ


| | | | |
|---|---|---|---|
| ഗാന്ധിജിയും അംബേദ്കറും സാമൂഹിക നീതിയും [മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഏപ്രിൽ 2, 2023] | - | തുഷാർ ഗാന്ധി പരിഭാഷ : ഡോ. ആർസു | .. 1-4 |
| Corporate power and Indian inflation [The Hindu, 13th March 2023] | - | Pulapre Balakrishnan & M. Parameswaran | .. 5-8 |
| തീയിൽ നിന്ന് പഠിക്കാനുള്ളത് [മാതൃഭൂമി, ഏപ്രിൽ 14, 2023] | - | ഡോ. റെമി ചന്ദ്രൻ | .. 9-12 |
| It is a new assault on India's liberty [The Hindu, 20th April 2023] | - | Suhrith Parthasarathy | .. 13-16 |
| Familiar discourse [Down to Earth, 16-30 April 2023] | - | Zumbish | .. 17-21 |
| മാധ്യമ സ്വാതന്ത്ര്യവും പൊതുസമൂഹവും [മാതൃഭൂമി, മേയ് 10, 2023] | - | ഡോ. ജെ. പ്രഭാഷ് | .. 22-24 |
| Long Covid : a lingering problem requiring greater attention [The Hindu, 14th May 2023] | - | Rajeev Jayadevan | .. 25-27 |
| അതിരുവിടുന്ന നിർമിത ബുദ്ധി [മാതൃഭൂമി, മേയ് 23, 2023] | - | ബി. എസ്. ബിമിനിത് | .. 28-31 |
| വേണം കരുത്തുള്ള കടിഞ്ഞാൺ [മാതൃഭൂമി, മേയ് 24, 2023] | - | ബി. എസ്. ബിമിനിത് | .. 32-35 |
| Kudumbashree is at a crossroads [The Hindu, 29th May 2023] | - | S. Anandan | .. 36-37 |
| വിയർക്കുന്ന ഭൂമി [മാതൃഭൂമി, മേയ് 30, 2023] | - | ഡോ. സി. പി. രാജേന്ദ്രൻ | .. 38-41 |
| പ്ലാസ്റ്റിക് മാനവരാശിയുടെ പുതിയ മഹാമാരി [സമകാലിക മലയാളം, ജൂൺ 12, 2023] | - | സി. സുശാന്ത് | .. 42-44 |

| | | | പേജ് നമ്പർ |
|---|---|---|---|
| Biodiversity is us and we are biodiversity- [The Hindu, 1st June 2023] | Kamal Bawa | .. | 45-47 |
| Is India missing the graphene bus? - [The Hindu, 1st June 2023] | Ajay Kumar | .. | 48-50 |
| Understanding the Kavach system - [The Hindu, 5th June 2023] | Ravi Reddy & V. Geetanath | .. | 51-52 |
| നിയമകമ്മീഷന്റെ നിലപാട് നിർഭാഗ്യകരം - [മാതൃഭൂമി, ജൂൺ 13, 2023] | അഡ്വ. കാളീശ്വരം രാജ് | .. | 53-56 |
| NCDS Plague Keralites health - [The Hindu, 13th June 2023] | C. Maya | .. | 57-58 |
| The next Finance commission will have a tough task - [The Hindu, 15th June 2023] | Duvvuri Subbarao | .. | 59-61 |
| വേണ്ടത് ആത്മവിശകലനം - [മാതൃഭൂമി, ജൂൺ 16, 2023] | ഡോ. പി. പി. ബാലൻ | .. | 62-63 |
| Strike a fine balance, have a just civil code - [The Hindu, 24th June 2023] | Faizan Mustafa & Anant Sangal | .. | 64-67 |
| പുതിയ പാർലമെന്റ് മന്ദിരവും ജനപ്രാതിനിധ്യ പ്രശ്നവും - [മാതൃഭൂമി, ജൂൺ 23, 2023] | ഡോ. ജെ.രത്നകുമാർ & ഡോ. കെ. പി. വിപിൻ ചന്ദ്രൻ | .. | 68-70 |


## പാർലമെന്ററി അവലോകനം


| | | | |
|---|---|---|---|
| ഐ. ടി. ചട്ടഭേദഗതിയും സെൻസർഷിപ്പ് ഭീഷണിയും - [മാതൃഭൂമി, ഏപ്രിൽ 11, 2023] | കെ. അൻവർ സാദത്ത് | .. | 71-73 |
| ഭേദഗതിക്കുണ്ടോ ഭരണഘടനാ സാധുത? - [മാതൃഭൂമി, ഏപ്രിൽ 13, 2023] | കെ. അൻവർ സാദത്ത് | .. | 74-76 |

പേജ് നമ്പർ


A reminder about unfettered constitutional posts -Anupam Kulshreshtha .. 77-79
[The Hindu, 15th April 2023]

A judgement that upholds the Constitution - Adv. Kaleeswaram Raj .. 80-82
[The Hindu, 19th April 2023]

Pending Bills, the issue of gubernatorial inaction - P.D.T. Achary .. 83-86
[The Hindu, 25th April 2023]

The women's reservation Bill cannot wait any longer - Reena Gupta .. 87-89
[The Hindu, 29th April 2023]

Diagnostic imaging of the Rajasthan Right to Health Act - Dr. Soham D. Bhaduri .. 90-92
[The Hindu, 13th May 2023]

Two judgement and the principle of accountability - M. R. Madhavan .. 93-96
[The Hindu, 18th May 2023]

Disregarding Constitution,Court,Citizens - Kailash Gahlot .. 97-99
[The Hindu, 24th May 2023]

Governors cannot indefinitely hold back bills - Gautam S. Raman .. 100-102
[The Hindu, 12th May 2023]

A Parliamentary democracy or an executive democracy - Gautam Bhatia .. 103-106
[The Hindu, 1st June 2023]

The Indian polity, a democratic diagnosis - Hamid Ansari .. 107-110
[The Hindu, 7th June 2023]

## സവിശേഷ വിവരങ്ങൾ


| | | | പേജ് നമ്പർ |
|---|---|---|---|
| Rules notified to regulate fake news and online gaming [PRS Legislative Research - April 2023] | - Tanvi Vipra | .. | 111 |
| Cabinet approves Indian Space Policy, 2023 [PRS Legislative Research-April 2023] | - Pratinav Damani | .. | 112 |
| Cabinet approves Constitutuion of Inter-Ministerial Committee for grain storage [PRS Legislative Research - May 2023] | - Tanvi Vipra | .. | 113 |
| Supreme Court holds that the legislature party acts on the direction of political party [PRS Legislative Research - May 2023] | - Alaya Purewal | .. | 114 |
| Cabinet approves subsidies for fertilisers [PRS Legislative Research - June 2023] | - Tanvi Vipra | .. | 115-116 |
| Ministry of Power notified guidelines for resource adequacy planning [PRS Legislative Research - June 2023] | - Harshit Padia | .. | 117-118 |


## പുസ്തക പരിചയം


| | | | |
|---|---|---|---|
| Understanding democracy [Frontline, 5th May 2023] | - Ajay Gudavarthy | .. | 119-123 |


## പാർലമെന്ററി നടപടികൾ


| | | |
|---|---|---|
| Resume of Business transacted during the 10th Session of the Seventeenth Lok Sabha | .. | 124-134 |

# ഗാന്ധിജിയും അംബേദ്കറും സാമൂഹികനീതിയും

തുഷാർ ഗാന്ധി

പരിഭാഷ: ഡോ. ആർസു

*ഭരണഘടനയും സാമൂഹ്യ നീതിയും ആസ്പദമാക്കി വർത്തമാനകാല ഇന്ത്യൻ സാമൂഹ്യഘടനയെ നിശിത വിമർശനത്തിനു വിധേയമാക്കുകയാണ് ഗാന്ധിജിയുടെ മകൻ മണിലാൽ ഗാന്ധിയുടെ പേരക്കുട്ടി കൂടിയായ തുഷാർ ഗാന്ധി. ജീവിതാവസാനം വരെ ദരിദ്രമായ ജനതയ്ക്കു വേണ്ടി നിലകൊണ്ട ഗാന്ധിജിയിൽ നിന്ന് പഠിക്കേണ്ടതെന്തൊക്കെ എന്ന് ചൂണ്ടിക്കാട്ടുന്നു. ഒപ്പം വർത്തമാന കാലത്ത് ഗാന്ധിയുടേയും അംബേദ്കറിന്റെയും ആശയങ്ങൾ ശരിയായ രീതിയിൽ ജനങ്ങൾ മനസ്സിലാക്കേണ്ടതുണ്ടെന്നും പറയുന്നു. സാമൂഹ്യനീതിയുടെ അഭാവം മൂലം ഇന്ത്യൻ ജനതയ്ക്ക് നിഷേധിക്കപ്പെടുന്ന അവസരങ്ങളും അവകാശങ്ങളും ചർച്ച ചെയ്യുന്നു. ന്യൂനപക്ഷങ്ങളും അടിത്തട്ടു മനുഷ്യരും അനുഭവിക്കുന്ന അനീതി പരിഹരിക്കാൻ നിശബ്ദതയ്ക്കാവില്ല എന്നും പൊതുജനങ്ങളുടെ ശബ്ദം ഇതിനെതിരെ നിരന്തരം ഉയരേണ്ടതുണ്ടെന്നും അതാണ് ഗാന്ധിയൻ ചിന്തയെന്നും വിശദീകരിക്കുന്നു.*

സാമൂഹിക നീതിയും ഭരണഘടനയും എന്ന വിഷയത്തെക്കുറിച്ച് പോസിറ്റീവ് ആയി അധികമൊന്നും സംസാരിക്കുവാൻ എനിക്കില്ല. സാമൂഹിക നീതി എന്നത് ഒരു മധുരമനോജ്ഞ പദമാണ്. എന്നാൽ അത് പ്രയോഗത്തിൽ എത്രമേൽ പ്രകടമാണ് എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

ഇന്ത്യൻ സമൂഹത്തിനും സംസ്കാരത്തിനും അഭിമാനിക്കാവുന്ന ഏറെ കാര്യങ്ങളുണ്ട്. രാഷ്ട്രപിതാവെന്ന് നാം ഗാന്ധിജിയെ പ്രകീർത്തിച്ച് മുന്നേറി. പൊതുപ്രവർത്തനം ആരംഭിച്ചകാലം മുതൽ ജീവിതാന്ത്യം വരെ അദ്ദേഹം രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചു. ആ ജീവിതത്തെ നശിപ്പിച്ചതും നമ്മുടെ നാട്ടുകാരനായിരുന്നു.

അതുപോലെ അംബേദ്കറിന്റെ ജീവിതം പാർശ്വവൽകരിക്കപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ ഉദ്ദേശിച്ച് ഉള്ളതായിരുന്നു. സ്വാതന്ത്ര്യ ലബ്ധിയുടെ 75 വർഷം പൂർത്തിയാക്കിയ ഘട്ടത്തിൽ പല പരിപാടികളും നാടിന്റെ നാനാഭാഗങ്ങളിൽ നടന്നു. എന്നാൽ സാമൂഹിക നീതി കൈവരിക്കുന്നതിലുള്ള കടമ്പകൾ മറികടക്കുവാൻ എത്രമേൽ നമുക്ക് സാധിച്ചിട്ടുണ്ടെന്ന ചോദ്യം അവശേഷിക്കുന്നു. കുറച്ച് നാൾ മുൻപ് നടന്ന സംഭവം ഞാനോർക്കുന്നു. ഒരു ഒൻപത് വയസ്സുകാരൻ ക്ലാസ്സിലെ ടീച്ചർ കൊണ്ടുവന്ന അല്പം വെള്ളമെടുത്ത് കുടിച്ചു. ടീച്ചർ സവർണ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. വെള്ളം അശുദ്ധമാക്കി എന്ന കുറ്റം ചാർത്തി സാമൂഹിക വിരുദ്ധർ കുട്ടിയെ നിർദയം കൊന്നു. ഇത്തരം സന്ദർഭങ്ങൾ മുൻനിർത്തി വേണം നമ്മൾ സാമൂഹിക നീതിയെക്കുറിച്ചുള്ള അപഗ്രഥനം നടത്തേണ്ടത്. മർദനവും പീഡനവുമുണ്ടാകുമ്പോൾ ഇരകളെ നാം

അധിക്ഷേപിക്കുന്നു. ഹിംസാ കാണ്ഡങ്ങൾ വർധിക്കുന്നു. എന്നിട്ട് ദുരഭിമാനവുമായി മുന്നേറുന്നു. അവകാശങ്ങളെക്കുറിച്ചുള്ള തുറന്ന ചർച്ചകൾക്കുള്ള അവസരങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ബുദ്ധിപരതയുടെ തലത്തിലുള്ള ന്യായീകരണങ്ങളാണ് കൂടുതലും നടക്കുന്നത്.

കൃത്യമായ വിമർശനവും അഭിപ്രായവും രേഖപ്പെടുത്തേണ്ട സന്ദർഭങ്ങളിൽ സാമാന്യ ജനങ്ങൾ നിശബ്ദരായിരിക്കുന്നത് ജനാധിപത്യത്തിന് വളരെ ആപത്കരമാണ്. ഈ മൗനം മർദകർക്കുള്ള ലൈസൻസ് ആയി മാറും. താഴെക്കിടക്കുന്നവരുടെ ഉന്നമനത്തിൽ മാത്രം സാമൂഹിക നീതിയെ ഒതുക്കുന്നത് ശരിയല്ല. തുല്യത സ്ഥാപിക്കുകയാണ് പ്രധാനം. ജസ്റ്റ്-ജസ്റ്റിസ് എന്നീ പദങ്ങളെ കോർത്തിണക്കുന്നത് ശരിയല്ല. മതപരമായ സ്വാതന്ത്ര്യം യുവതികൾക്ക് നിഷേധിക്കപ്പെടുന്നു.

മുസ്ലിം വിദ്യാർഥിനികൾ ഹിജാബ് ധരിക്കുന്നതിനെക്കുറിച്ചുള്ള വിവാദം കത്തിപ്പടർന്നിരുന്നു വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണിതിലുള്ളത്. പൗരത്വ പ്രശ്നവും വലിയ വിവാദമുണ്ടാക്കി നമ്മുടെ ഭരണഘടനയുടെ ആത്മാവ് സാഹോദര്യമാണ്. നമുക്ക് ഫ്രേറ്റേണിറ്റി സങ്കല്പത്തിൽനിന്ന് വ്യതിചലിക്കാതിരിക്കാം. പിന്നാക്കം നിൽക്കുന്ന ജാതികൾക്കായി ഭരണഘടന ഏർപ്പെടുത്തിയ സംവരണത്തിന് സമയപരിധി ഭരണഘടനാ ശില്പികൾ നിശ്ചയിച്ചിരുന്നു. പതിനഞ്ച് വർഷമാകു മ്പോഴേക്ക് ജാതി വ്യത്യാസം ഉരുകി പ്പോകുമെന്ന ധാരണയുണ്ടായിരുന്നു. പിറകെ നിൽക്കുന്നവരെ സമത്വത്തിലേക്ക് എത്തിക്കാനുള്ള ഒരു ഉപകരണമായിരുന്നു സംവരണം. ജാതിവ്യവസ്ഥ നൂറ്റാണ്ടുകൾക്ക് മുൻപുണ്ടായിരുന്നത് അതേമട്ടിൽ ചിലർ ഇന്നും തുടരുന്നു. സ്വാർഥതാത്പര്യം രാഷ്ട്രീയ താത്പര്യത്തെ പരാജയപ്പെടുത്തുന്നതാണ് നാം ഇന്ന് കാണുന്ന യാഥാർഥ്യം.

We the people of India എന്നാണ് ഭരണഘടനയുടെ തുടക്കത്തിലുള്ള വാക്കുകൾ. സമൂഹത്തിന്റെ ഹിതത്തിനാണ് അവിടെ പ്രാധാന്യം ലഭിക്കുന്നത്. അതിനെ അവനവന്റെ ഹിതമാക്കി ചുരുക്കരുത്. തിരഞ്ഞെടുപ്പ് രാഷ്ട്രീയം ആ വഴിക്ക് മുന്നേറുമ്പോൾ പരാജയപ്പെടുന്നത് ജനാധിപത്യമായിരിക്കും. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം യാഥാർഥ്യമാക്കാൻ പോരാടിയ തലമുറയുടെ മനസ്സിലുണ്ടായിരുന്ന അഭിനിവേശത്തിന്റെ ജ്വാലയുടെ തിളക്കം നാം മനസ്സിലാക്കേണ്ടതാണ്. അവരിൽ ചിലരിപ്പോൾ ജീവിച്ചിരിപ്പുണ്ട്. ആ തിളക്കം അവരുടെ മനസ്സിൽ ഇപ്പോഴുമുണ്ടാകും. എന്നാൽ പിൻഗാമികളുടെ മനസ്സിൽ ആ ജ്വാല അണഞ്ഞുപോയിരിക്കുന്നു.

ഇന്ത്യയുടെ ഭരണഘടനയിൽ ഈ രാഷ്ട്രത്തിനാവശ്യമായ എല്ലാക്കാര്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.എന്നാൽ സാമൂഹിക നീതി ഇന്നും മരീചികയായി നിൽക്കുന്നു. അക്രമവും ഹിംസയും കൊലപാതകവും ബലാത്സംഗങ്ങളും ഇവിടെ വർദ്ധിക്കുന്നു. ഇതിനെതിരായ ശക്തമായ പ്രതിഷേധ സ്വരങ്ങൾ ഉയർന്നു വരുന്നില്ല. ജനങ്ങൾ മൗനം പാലിക്കുന്നത് ഇതിനെല്ലാമുള്ള പ്രോത്സാഹനമായി പരിണമിക്കുന്നു. കണ്ണടച്ചും ചെവിപൊത്തിയും വായമൂടിയുമിരുന്നാൽ സാമൂഹിക നീതി യാഥാർഥ്യമാകില്ല. സുപ്രീം കോടതിയും ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിച്ചാലേ മാറ്റം വരികയുള്ളൂ.

ഉത്തരേന്ത്യയിലിന്നും ന്യൂനപക്ഷ വിഭാഗങ്ങളോട് വിദ്വേഷം പുലർത്തുന്നവരുണ്ട്. 'ഹിന്ദു ജാഗരൺ' ആണ് അവിടെ നിന്ന് ഉയർന്ന് കേൾക്കുന്ന മുദ്രാവാക്യം. ദുർബലനെ ദ്രോഹിക്കുന്ന നീതി തുടരുമ്പോൾ അതിനെ വിശേഷിച്ചാരും തന്നെ ഗൗനിക്കുന്നില്ല. കയ്യൂക്കുള്ളവർ കാണിക്കുന്ന ക്രൂരത അതിനാൽ നിർബാധം തുടരുന്നു. പാവങ്ങളെ ഈ ദുരവസ്ഥയിൽനിന്ന് രക്ഷിക്കാൻ ഇനിയൊരു മഹാത്മാഗാന്ധി വരുമെന്ന് പ്രതീക്ഷിക്കാനാകില്ല. വിദേശത്തുനിന്ന് ആരെങ്കിലുമെത്തി ഇതിന് പരിഹാരം കാണുമെന്നും കരുതാനാകില്ല.

ഞാനും എന്റെ സമപ്രായക്കാരും ജീവിതത്തിന്റെ, ശിശിരത്തിലൂടെയാണിപ്പോൾ കടന്നുപോകുന്നത്. ഇവിടെ ഫാസിസത്തിന്റെ ശക്തി പെരുകി വരുമ്പോൾ യുവാക്കൾ ഉണർന്നേപറ്റൂ. ചുറ്റുമുള്ള യാഥാർഥ്യങ്ങളെ കാണാനും വിലയിരുത്താനും പ്രതികരിക്കാനും യുവാക്കൾ മുന്നോട്ടുവന്നാൽ മാറ്റം സംഭവിക്കും.

ജാതി സെൻസസ് എടുക്കുന്നതിലെ ഔചിത്യം ഇന്നൊരു ചർച്ചാവിഷയ മാവുകയാണ്. നല്ല ഉദ്ദേശ്യത്തോടും നല്ല രീതിയിലുമാണ് ആ സെൻസസെടു ക്കുന്നതെങ്കിൽ, അതിനെ തള്ളിപ്പറ യേണ്ടതില്ല. എന്നാലുമത് ജനറൽ സെൻസസിന്റെ ഭാഗമായി നടത്തിയാൽ മതിയാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ പ്ലാൻ ചെയ്യുന്നത് രാഷ്ട്രീയാവശ്യങ്ങൾ മുൻനിർത്തിയാണെന്ന ധാരണ പ്രബലമാണ്.

പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുകയാവണം ലക്ഷ്യം. നിയമപരമായി മുന്നേറുന്നത് ശരിയാണ്. എന്നാൽ, അത്രയും പോരാ. ധാർമിക നൈതിക മൂല്യങ്ങളിലും ശ്രദ്ധ പതിയേണ്ടതുണ്ട്.

ഏക സിവിൽ കോഡ് നടപ്പിലാ ക്കുന്നതിനെക്കുറിച്ചും വിവാദങ്ങൾ നിലനിൽക്കുന്നു. അതൊരു രാഷ്ട്രീയ പ്രശ്നമാണ്. വ്യക്തിനിയമത്തിന്റെ മറവിൽ മറ്റ് പലതും കടന്നുവരുന്ന അവസ്ഥയുണ്ട്. സമഗ്രപരിശോധനയും വിലയിരുത്തലുമാണ് ആദ്യം നടക്കേണ്ടത്. വ്യക്തിപരമായി ഞാൻ ഏക സിവിൽ കോഡിനെ പിന്തുണയ്ക്കുന്നില്ല.

പുണെ ഉടമ്പടിയുടെ കാര്യത്തിൽ, ഗാന്ധിജിയും അംബേദ്കറും സ്വീകരിച്ച നിലപാടുകൾ സമാനമായിരുന്നില്ല. അധഃസ്ഥിതരെക്കൂടി ഉൾക്കൊള്ളുന്ന രീതിയാണ് ഗാന്ധി അവലംബിച്ചത്. ഈ വിഷയത്തിൽ അംബേദ്കറുടെ നിലപാട് കുറച്ചു കൂടി കർക്കശമായിരുന്നു. Seperate Electorate എന്ന ആശയത്തിൽ അദ്ദേഹം ഉറച്ചുനിന്നത് സകാരണമായിരുന്നു. സാമൂഹികനീതി നിഷേധിക്കപ്പെട്ടവരുടെ ദുഃഖ ദുരിതങ്ങൾ നേരിട്ടനുഭവിച്ച വ്യക്തിയായിരുന്നു അംബേദ്ക്കർ. അഭിപ്രായ വ്യത്യാസമുണ്ടായിരുന്നെങ്കിലും ഗാന്ധിജി അംബേദ്കറിനോട് ശത്രുത പുലർത്തിയിരുന്നില്ല. ഭരണഘടന യുണ്ടാക്കുമ്പോൾ, അംബേദ്കറുടെ പ്രതിഭ പ്രയോജനപ്പെടുത്തണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചിരുന്നു. എന്നാൽ, സാമൂഹികനീതിയുടെ കാര്യത്തിൽ ഈ രണ്ട് നേതാക്കളുടെയും ആഗ്രഹങ്ങൾ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

ഇവിടെ തിരഞ്ഞെടുപ്പ് രാഷ്ട്രീയ അസമത്വം വർധിപ്പിക്കുകയാണ് ചെയ്തത്. വിഭജിച്ച് ഭരിക്കുകയെന്ന നയം ഇന്ന് പുതിയ രീതിയിൽ തുടരുകയാണ്. രാഷ്ട്രീയ നേതാക്കൾ സമത്വം ആഗ്രഹിക്കുന്നവരല്ല. അവർ സ്വാർഥതാത്പര്യങ്ങളും അധികാര ദുരയുമുള്ളവരാണ്. ജനങ്ങൾ ഉള്ളുണർവുള്ളവരാകുകയാണ് ഇതിനുള്ള പോംവഴി. ഗാന്ധി, അംബേദ്കർ എന്നിവരുടെ ആശയങ്ങൾ ശരിയായ രീതിയിൽ ജനങ്ങൾ മനസ്സിലാക്കണം. ഗാന്ധിജിയുടെ ജീവൻ അപകടപ്പെടുത്തിയത് ഹിന്ദു ബ്രാഹ്മണനാണെന്ന വസ്തുത മറക്കരുത്.

സാമൂഹികനീതി സ്വതന്ത്ര ഇന്ത്യയിൽ യാഥാർഥ്യമായിട്ടില്ലെന്നതിന്, തുടക്കത്തിൽ ഭരിച്ച കോൺഗ്രസ് ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. തുടർന്നുവന്ന കോൺഗ്രസ് ഗവൺമെന്റുകളും ആ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കണ്ടിട്ടില്ല.

ഗാന്ധിജി അഭിലാഷിച്ച ' വില്ലേജ് റിപ്പബ്ലിക് ' ഇനിയും യാഥാർഥ്യമായിട്ടില്ല. ഓരോ ഗ്രാമത്തിന്റെയും ഭൗതിക സാഹചര്യം ഓരോ വിധത്തിലായിരിക്കും ഗുജറാത്തിന്റേതിന് സമാനമായിരിക്കില്ല കേരളത്തിന്റേത്. അധികാരവികേന്ദ്രീകരണമെന്ന ആശയം ഇപ്പോൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ, എല്ലാ ഫണ്ടുകളുമെത്തുന്നത് കേന്ദ്രത്തിലേക്കായി. അവർ സംസ്ഥാനങ്ങൾക്ക് പിന്നീട് വിഹിതമനുവദിക്കുന്നു. ഈ രീതിയിൽ മുന്നേറിയാൽ, വില്ലേജ് റിപ്പബ്ലിക് എന്ന ആശയം സഫലമാകില്ല.

രണ്ടുവർഷം മുൻപ് കർഷകർ നടത്തിയ സമരത്തെ പാർലമെന്റ് അവഗണിച്ചു. കർഷകർക്കായി പാർലമെന്റ് പാസാക്കിയ നിയമം തങ്ങൾക്ക് ഹിതകരമല്ലെന്ന് കർഷകർ പറഞ്ഞപ്പോൾ, ഇതിനുള്ള അധികാരം പാർലമെന്റിനാണെന്ന വാദമാണ് സർക്കാർ നിരത്തിയത്. നീതി ലഭിക്കേണ്ടത് ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിക്കല്ല. അത് എല്ലാവർക്കും അർഹതപ്പെട്ടതാണ്. ബിൽക്കിസ് ബാനു കേസ് നീതി തേടിയതായിരുന്നു.

ഇവിടെ നാം വലിയ യുദ്ധങ്ങളുണ്ടാകാൻ കാത്തുനിൽക്കേണ്ട കാര്യമില്ല. ഇന്ന് പ്രതിഷേധവുമായെത്തുന്നവരെ 'ആന്ദോളൻ ജീവികളെന്ന്' മുദ്രകുത്തുന്ന അവസ്ഥയാണുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങളെ അധിക്ഷേപിക്കുന്നതിനെ മുസ്ലിം പ്രശ്നം മാത്രമായി പരിഗണിക്കുന്ന അവസ്ഥ മാറണം. സാമൂഹികമാറ്റത്തിനു വേണ്ടിയുള്ള അഭിനിവേശത്തിന്റെ അഗ്നി മനസ്സിൽ അണയാതെ സൂക്ഷിക്കാൻവിശേഷിച്ചും യുവാക്കൾ ശ്രമിക്കുകയെന്നതാണ് ഇന്നത്തെ പ്രധാനകർത്തവ്യം.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്,**
**2 ഏപ്രിൽ, 2023.**

# Corporate Power And Indian Inflation

Pulapre Balakrishnan & M.Parameswaran

A new explanation has been proposed for the recent trajectory of inflation in India, with implications for its control. The former Deputy Governor of the Reserve Bank of India, Viral Acharya, is reported to have observed (on an Indian news and opinion website on March 30 that, unlike in the West where it abated with COVID-19, core inflation remains elevated in India. This be ascribes to the pricing power of five big corporates (Big 5') The narrative has received wide coverage in the financial press. For readers not acquainted with the jargon of central bankers, 'core' inflation is all-commodity inflation stripped of the inflation of food and fuel prices.

**The factor of food price inflation**

We offer five comments on the claim that corporate pricing power is driving inflation in India currently. First, a divergence between inflation rates in India and the rest of the world is not new. After the global financial crisis of 2008, Indian inflation surged, reaching levels higher than in its epicentre, namely the economies of the United States and the United Kingdom. This was due to a surge in food price inflation in India, driven by negative agricultural shocks and high procurement price hikes. As food price inflation tends to feed into core inflation, it would be hasty to conclude that Indian inflation is higher than in the West today due to corporate pricing power.

Note that for the month of February the wholesale price (WP) based food-price inflation was 28% while that for manufactured products, the largest commodity group in the index, was lower at 2% (Ministry of Commerce, March 14). With food price inflation in India unabated, there is no reason to assert that core inflation should have declined even if it has in the West. There is evidence that in India, food price inflation affects core inflation. This is not surprising after all, for food price inflation enters costs of the non agricultural sector.

Second, the argument that corporate power underlies elevated core inflation is based on an observation of a somewhat short time period. It is true that while wholesale price inflation has eased very considerably in the six months preceding March 2023, consumer price (CP) inflation has not (National Statistical Office, March 13). But a mismatch between WP and CP

inflations is not new. In 2021-22, WP inflation had surged by 12 percentage points but CP inflation actually declined (Reserve Bank of India, 2022) So, the maintenance of high price increases by firms in the retail sector even after wholesale price inflation has declined in 2022-23 may just be a compensating mechanism, ie, the rising input cost of the retail sector is being passed on with a lag.

Third, attributing elevated core inflation in consumer prices, as wholesale prices fall, to pricing power of the Big 5 assumes that these conglomerates have a high presence in retail trade. On balance, one would expect their presence is greater in the manufacturing and infrastructure sectors than in retail. It may be noted that their presence in the economy itself may not be so high. Mr. Acharya is quoted as stating that they account for 12% of non-financial sector sales. To us, this does not signal high pricing power.

Fourth, to compare WP inflation with CP inflation, whether headline or core, is to acquiesce in a mismatch. The commodity basket corresponding to CP includes such items as housing, health, education, recreation and personal care which, naturally, do not enter the wholesale price index. So, we would be comparing apples with oranges here.

Finally, we come to the point that casts doubt most directly on the claim that corporate pricing power is driving current inflation in India. At present we have data for only the first three quarters of the financial year that just ended. However, in all of them, over 75% of the direct contribution to inflation is by sectors in which the Big 5 are unlikely to be represented in a big way, the contribution of food products alone being close to 50% in most time periods. Clearly, it is the rising price of food that is driving current inflation in India.

**There is pricing power**

None of this is to suggest that corporate pricing power does not exist or that it is not relevant for inflation. Our own published work has shown that there is pricing power in Indian industry and that the rate of profit in India is high in a global comparison. However, the question is the extent to which corporate power is driving overall inflation in India currently, beyond its obvious role in elevating

the price level. In theory, corporates can drive inflation if concentration rises continuously and if they come to dominate the economy, in this case retail trade. That we have not reached there yet in India is implied by the fact that the sectors in which the Big 5 are most represented account for less than 25% of the consumer price index. But industrial concentration is most likely rising in India, and the consequences matter for more than just prices.

While public policy in India has a history of being alert to concentration in industry, concentration in the services, as in telecommunications, and in infrastructure, as in ports, is relatively new and it may only just be coming to terms with its implications. As a democracy, India should guard against the potential use of countervailing power by anybody pursuing a private interest, whether economic or social, and irrespective of its consequences for inflation. At the same time, it may be noted that India's corporate sector is diverse and Mr. Acharya's lot includes at least one house that is perceived by the public as embodying business acumen, ethical practices and social responsibility.

In conclusion, we find the framing of the discourse on inflation in terms of core inflation as when the role of corporate pricing power was brought up, to be limiting. Core inflation leaves out the inflation in food and fuel prices on grounds that these prices tend to fluctuate. evening out the changes, and thus not requiring a policy response. But this is a flawed assumption in the context of India's economy.

**The current inflation control strategy**

In India, food prices have only risen, and in recent years their rate of inflation has been very high. For all the reforms since 1991, the real price of food, i.e., its price relative to the general price level, has risen considerably. In the context, to

measure inflation without considering the price of food is to exclude what matters most to the public, as opposed to central bankers. India's inflation control strategy is currently restricted to using the interest rate to dampen aggregate demand. It conveniently for its champions absolves the policymaker from addressing the challenge of ensuring the production of food at affordable prices. But, the most recent intervention purporting to explain core inflation in India may have had a beneficial fallout after all. It has re-emphasised that the RBI has been unable to control even that inflation which central banks are assumed to be able to.

*(Pulapre Balakrishnan is at Ashoka University sonapat Haryana. M.Parameswran is with the Centre for development Studies. Thiruvananthapuram.)*

**The Hindu,**
**13th March, 2023.**

# തീയിൽ നിന്നു പഠിക്കാനുള്ളത്

ഡോ. റെമി ചന്ദ്രൻ

കൊച്ചിയിലെ മാലിന്യനിർമാർജനത്തിന് സാങ്കേതികവും നയപരവുമായ ഒരു സമീപന രേഖ വേണ്ടതുണ്ടെന്ന് ബ്രഹ്മപുരത്തെ സംസ്കരിക്കപ്പെടാത്ത മാലിന്യ കൂമ്പാരവും അവിടെയുണ്ടായ തീപ്പിടിത്തവും നമ്മെ ബോധ്യപ്പെടുത്തുന്നു.

*** കൊച്ചിയിലെ കാര്യം**

സെൻസസ് വകുപ്പിന്റെ കണക്കു പ്രകാരം കൊച്ചിയിലെ മാത്രം ജനസംഖ്യ 8,29,000 ആണ്. ഗ്രേറ്റർ കൊച്ചി അഥവാ കൊച്ചിയുടെ മെട്രോ പൊളിറ്റൻ പ്രദേശങ്ങൾ മാത്രം കണക്കിലെടുത്താൽ ജനസംഖ്യ 20 ലക്ഷത്തിലധികം വരും. ഏകദേശ കണക്കുപ്രകാരം ഇത്രയും ജനങ്ങൾ ഒരു ദിവസം 1348 ടൺ മാലിന്യം ഉത്പാദിപ്പിക്കും.

നമുക്കറിയാവുന്നതുപോലെ, ഇത്തരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൽ അധികവും ഈർപ്പമുള്ള ജൈവമാലിന്യവും അവശേഷിക്കുന്നത് പ്ലാസ്റ്റിക്, പേപ്പർ, തുണി മുതലായവയുമാണ്. ഇതിനുപുറമേ, റെസ്റ്റോറന്റുകൾ. നിർമാണ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങൾ തുടങ്ങി മാലിന്യം സൃഷ്ടിക്കുന്ന മറ്റു വ്യാവസായിക മേഖലകളുമേറെയാണ്. ഈ മാലിന്യത്തിന്റെയൊക്കെ ചെറിയ ഒരംശം മാത്രമേ ശേഖരിക്കപ്പെടുന്നുള്ളൂ. ബാക്കിയുള്ളവ തുറസ്സായസ്ഥലങ്ങളിൽ എവിടെയെങ്കിലും ഉപേക്ഷിക്കപ്പെടുകയാണ്.

മാലിന്യനിർമാർജനപ്രക്രിയ കേന്ദ്രീകൃതമാവണോ അതോ വികേന്ദ്രീകൃതമായിരിക്കണമോ എന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടക്കുന്നു. പരമ്പരാഗതമായി, വേസ്റ്റ് ടു എനർജി പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നത് മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ജൈവ മാലിന്യത്തിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കുക, ഇൻസിനറേഷനിലൂടെ മാലിന്യം ചാമ്പലാക്കി അതിൽ നിന്ന് വൈദ്യുതിയുണ്ടാക്കുക. തുടങ്ങിയ ലക്ഷ്യങ്ങളും ഇതിന്റെ ഭാഗമായുണ്ട്. ഇൻസിനറേഷനിലൂടെ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നത് സാമ്പത്തികമായും പാരിസ്ഥിതികമായും ഒട്ടും പ്രായോഗികമല്ല. സാമ്പത്തികനേട്ടം പരിഗണിച്ചാൽത്തന്നെയും ഇതിന്റെ ഊർജോത്പാദനക്ഷമതയും വളരെ കുറവാണ്.

**മാലിന്യത്തിൽ നിന്ന് ആവി**

ഇപ്പോഴത്തെ പ്രധാനപ്രശ്നം, കൊച്ചിയിലെ വേസ്റ്റ് ടു എനർജി പ്ലാന്റിനെ വൻതോതിലുള്ള മാലിന്യ സംസ്കരണത്തിന് പ്രയോജനപ്പെടുത്താവുന്ന രീതിയിൽ എങ്ങനെ ഫലപ്രദമായി മാറ്റിയെടുക്കുമെന്നതാണ്. സാധ്യമായ ഒരു മാർഗം 'മാലിന്യത്തിൽനിന്ന് ആവി ' എന്ന ആശയമാണ്.

ഇൻസിനറേഷൻ എന്ന പ്രക്രിയയുടെ ഒരു ഉപോത്പന്നമാണ് ആവി. അതിനെ നേരിട്ട് വ്യാവസായിക അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കിയാൽ അതിന്റെ പ്രവർത്തനക്ഷമത വർധിക്കും. പെട്രോകെമിക്കൽ പ്ലാന്റുകൾ, എണ്ണശുദ്ധീകരണശാലകൾ, പേപ്പർ മില്ലുകൾ എന്നിവിടങ്ങളിൽ അവയുടെ ഉല്പാദനപ്രക്രിയയുടെ ഭാഗമായി വലിയ തോതിൽ സ്റ്റീം ആവശ്യമുണ്ട്. പരമ്പരാഗതമായി ഇത്തരം വ്യവസായങ്ങളിൽ ആവിയുടെ ഉത്പാദനത്തിന് ഫോസിൽ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത് പെട്രോകെമിക്കൽ പ്ലാന്റിനനടുത്ത് മാലിന്യസംസ്കരണത്തിനുള്ള ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുകയാണെങ്കിൽ ഫോസിൽ ഇന്ധനത്തിന് ബദലായി ഇതിൽ ഉത്പാദിപ്പിക്കപ്പെടുന്ന സ്റ്റീം വ്യാവസായിക ആവശ്യത്തിന് പ്രയോജനപ്പെടുത്താനാവും. മാലിന്യത്തിൽ നിന്നുള്ള സ്റ്റീം നേരിട്ട് ഉപയോഗപ്പെടുത്തുക വഴി ഫാക്ടറിയുടെ ആവശ്യങ്ങൾ കുറഞ്ഞ ചെലവിൽ നിറവേറ്റാനും ഊർജം ലാഭിക്കാനും കഴിയും. മാത്രമല്ല വൈദ്യുതോത്പാദനവുമായി താരതമ്യം ചെയ്താൽ സ്റ്റീം വൈദ്യുതിയേക്കാൾ ഇരട്ടി ലാഭകരമാണെന്നു മാത്രമല്ല ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം പകുതിയായി കുറയ്ക്കുകയും ചെയ്യും.

സ്റ്റീം ഒരു വ്യവസായസംരംഭത്തിൽ പ്രയോജനപ്പെടുത്തിയാൽ,അത് വ്യവസായത്തിന്റെ സാമ്പത്തിക വിജയ സാധ്യത നാടകീയമായി വർദ്ധിപ്പിക്കുന്നതോടൊപ്പം വലിയതോതിലുള്ള മാലിന്യം ഒരുമിച്ച് സംസ്കരിക്കുക എന്ന പ്രശ്നത്തിന് പരിഹാരം കാണാനും സഹായിക്കും. അതിന്റെ ഫലമായി മണ്ണിൽ കുഴിച്ചുമൂടുന്ന മാലിന്യത്തിൽ നിന്നു പുറത്തുവരുന്ന ഹരിതഗൃഹങ്ങളുടെ അളവ് ഗണ്യമായി കുറയ്ക്കാനുമാകും. ഇത്തരം ഇൻസിനറേറ്ററുകളെ വ്യവസായങ്ങളുമായി കൂട്ടിയിണക്കുന്നത് ഇൻസിനറേറ്ററുകളുടെ പരിപാലനച്ചെലവ് എന്ന വലിയ ബാധ്യതയെ മറികടക്കാൻ സർക്കാരുകളെ സഹായിക്കുകയും ചെയ്യും.

ബി.പി.സി.എൽ.-ന്റെ കൊച്ചിയിലെ എണ്ണ ശുദ്ധീകരണശാല ബ്രഹ്മപുരത്തിനു സമീപത്താണ് സ്ഥിതിചെയ്യുന്നത്. ബ്രഹ്മപുരത്തെ മാലിന്യ ശേഖരത്തിൽനിന്ന് സ്റ്റീം ഉത്പാദിപ്പിക്കാനുള്ള മുഴുവൻ സംവിധാനത്തിന്റെയും ചുമതലയും ഉടമസ്ഥതയും തൊട്ടടുത്ത പങ്കാളി എന്ന നിലയ്ക്ക് ബി.പി.സി.എൽ.-നെ ഏൽപ്പിക്കാവുന്നതാണ്. ഈ മാതൃക പ്രവർത്തനക്ഷമമായാൽ സർക്കാർ വ്യവസായ പങ്കാളിത്തത്തിലുള്ള പ്രായോഗികസംരംഭം എന്ന നിലയിൽ കൂടുതൽ കാര്യക്ഷമവും ലാഭകരവുമായിരിക്കും. അതുപോല തന്നെ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിനടുത്താണ് ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (ഫാക്ട്) സ്ഥിതി ചെയ്യുന്നത്. പുതിയ വിൻഡ്റോ കമ്പോസ്റ്റ് പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ, ഫാക്ടുമായുള്ള പങ്കാളിത്തത്തിലൂടെ കമ്പോസ്റ്റിന്റെ ഗുണനിലവാരവും വിപണിസാധ്യതയും വർധിപ്പിക്കാനാകും. അത് മാലിന്യ സംസ്കരണത്തിൽ വഴിമുട്ടി നിൽക്കുന്ന കൊച്ചി കോർപ്പറേഷനും സർക്കാരിനും ഏറെ ഗുണകരവും നിർണായകവുമാകും.

ഈ പദ്ധതിയിൽ കൊച്ചിൻ റിഫൈനറിയും ഫാക്ടും ഉൾപ്പെടുന്നതോടെ വലിയതോതിലുള്ള മാലിന്യ സംസ്കരണത്തിൽ സർക്കാരിലുണ്ടാകുന്ന സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രയാസങ്ങൾ ലഘൂകരിക്കാനാകും. ഈ പദ്ധതി തിരഞ്ഞെടുക്കുന്നതിനുമുമ്പ് അത് ഉയർത്തുന്ന സാധ്യതകളും വെല്ലുവിളികളും ശരിയായി പരിശോധിക്കുന്നതിനായി ആഴത്തിലുള്ള പഠനം നടത്തേണ്ടതുണ്ട്.

**വേണ്ടത് സംയോജിത സമീപനം**

മാലിന്യസംസ്കരണത്തിന് മാതൃകാപരമായ ഒരു സംവിധാനം നമ്മുടെ മുന്നിലില്ല. എന്നുമാത്രമല്ല, ഓരോന്നും അതത് സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തവുമായിരിക്കും. വികേന്ദ്രീകരണത്തിന് അതിന്റേതായ മേന്മയുണ്ടെങ്കിലും അടിത്തട്ടിൽ അതിനുവേണ്ടി വാദിക്കാനും നടപ്പാക്കാനും ആളുണ്ടാകണം.

പരിപൂർണമായും വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണ പ്രക്രിയ ഗ്രാമപ്രദേശങ്ങളിൽ നടപ്പാക്കാൻ സാധിച്ചേക്കാം. പക്ഷേ, അതിവേഗം വളരുന്ന കൊച്ചിപോലൊരു നഗരത്തിൽ വികേന്ദ്രീകരണം കൊണ്ട് മാലിന്യ ശേഖരണവും അതിന്റെ നടത്തിപ്പും മാത്രമേ ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. ശരിയായ സാമൂഹിക ഇടപെടലിന്റെ അഭാവവും (വിവിധ സമൂഹങ്ങൾ തമ്മിലുള്ള പരസ്പര ഇടപെടലിന്റെ കുറവ്) മാലിന്യ സംസ്കരണം വിജയകരമാകുന്നതിന് തടസ്സമുണ്ടാക്കുന്ന ഘടകമാണ്. ഇവിടെയാണ് ഉറവിട മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യം. ഉറവിടത്തിൽ വെച്ചുതന്നെ മാലിന്യങ്ങൾ ശരിയായരീതിയിൽ വേർതിരിക്കുകയും ശേഖരിക്കുകയും കൊണ്ടുപോവുകയും ചെയ്യുന്ന വികേന്ദ്രീകൃത പ്രക്രിയയും പിന്നാലെയുള്ള വലിയതോതിൽ മാലിന്യം സംസ്കരിക്കുക എന്ന കേന്ദ്രീകൃത പ്രക്രിയയും ചേർന്ന സംയോജിത സമീപനമാണ് മുന്നോട്ടുള്ള വഴി.

**ചെയ്യേണ്ട ചില കാര്യങ്ങൾ**

1. മാലിന്യനീക്കവും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും അവലോകനം ചെയ്യുന്നതിന് നഗരകാര്യാലയത്തിൽ ഒരു ജിയോസ്പേഷ്യൽ പ്ലാറ്റ്ഫോം സ്ഥാപിക്കണം. സർവ്വകലാശാലകളുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിലൂടെ വിശദമായ അപഗ്രഥനം നടത്താം.

2. മാലിന്യം കൊണ്ടുപോകുമ്പോഴുള്ള ചോർച്ച തടയുന്നതിന് തുറന്ന ട്രക്കുകൾ ഒഴിവാക്കി കൂടുതൽ അടച്ചുറപ്പുള്ള കണ്ടെയ്നർ ട്രക്കുകളിൽ മാലിന്യമെത്തിക്കുന്ന രീതി അവലംബിച്ച് ഗതാഗത സംവിധാനം കുറ്റമറ്റതാക്കണം.

3. അടിസ്ഥാനമായി പാരിസ്ഥിതിക വിദ്യാഭ്യാസം പ്രത്യേകിച്ച് മാലിന്യ സംസ്കരണം എന്ന വിഷയത്തിൽ നഴ്സറി മുതൽ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.

**മാതൃകകൾ സ്വീകരിക്കാം**

നഗരഭരണ സംവിധാനങ്ങളെ മാലിന്യപ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന് സഹായിക്കാൻ അന്താരാഷ്ട്ര തലത്തിൽ ഒട്ടേറെ സാമ്പത്തിക സഹായ പദ്ധതികൾ നിലവിലുണ്ട്.

ജപ്പാനിൽ പരിസ്ഥിതി മന്ത്രാലയം നടപ്പാക്കുന്ന നഗര-നഗര സഹകരണം (സിറ്റി ടു സിറ്റി കോർപ്പറേഷൻ) അത്തരത്തിൽ ഒന്നാണ്. ഹരിതകാലാവസ്ഥാഫണ്ട് (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) എന്നത് വൻകിട മാലിന്യസംസ്കരണത്തെ സഹായിക്കുന്ന മറ്റൊരു പദ്ധതിയാണ്. 1970കളിൽ ടോക്യോ ഉൾക്കടൽ തീരങ്ങൾ ലോകത്തെ ഏറ്റവും മലിനമായ പ്രദേശങ്ങളിലൊന്നായിരുന്നു. എന്നാൽ ഇന്നത് ലോകത്തെ ഏറ്റവും വൃത്തിയുള്ള പ്രദേശങ്ങളിലൊന്നാണ്. ഒളിമ്പിക്സിന് ആതിഥ്യമരുളാൻ പോലും യോഗ്യരായുള്ള സ്ഥലം. അതുകൊണ്ടുതന്നെ ജനകീയ ഐക്യം രൂപപ്പെടുകയാണെങ്കിൽ കൊച്ചിയെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള നഗരമാക്കിമാറ്റാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

**മാതൃഭൂമി,**
**14 ഏപ്രിൽ, 2023.**

ωσωσωσ

# It is a new assault on India's Liberty

Suhrith Parthasarathy

On April 6, 2023, the Union government introduced a new set of measures with a view to crushing fake news and misinformation on the Internet. These introductions came through an amendment made to the Information Technology , ( Intermediary Guidelines and Digital Media Ethics Code) Rules, 2021, or IT Rules. The amendment grants to the Union Ministry of Electronics and Information Technology (MeitY) unbridled power to create a "fact check unit", which will identify false or misleading online coment that concerns the central government's business in any manner. Should social media intermediaries fail to prevent users from hosting or publishing information that have been flagged as false by the fact check unit. they stand to lose their "safe harbour" immunity. In other words, any protection that online platforms might have enjoyed against criminal prosecution will be withdrawn.

**The consequence**

The upshot of the new regulation is this: the Union government gets to decide for itself what information is bogus and gets to exercise wide-ranging powers of censorship by compelling intermediaries to take down posts deemed fake or false. In a democracy, where information is free, and where the right to freedom of speech is constitutionally guaranteed, the new law must strike us as deeply abhorrent.

The IT Rules derive their authority from the Information Technology Act, 2000, a law which, at its inception, was meant to provide "legal recognition" for electronic commerce. Through section 79, the Act provides a "safe harbour", by granting immunity to intermediaries, so long as these entities observe "due diligence" in discharging their duties under the law, and so long as they follow other guidelines prescribed by the state. An intermediary under the law refers to any person who receives, stores, or transmits electronic records-it would include Internet service providers, search engines, and social media platforms. For example, WhatsApp, Signal, Twitter, Facebook and Instagram are all what the law construes as intermediaries.

When the IT Rules were introduced in 2021, in supersession of a previous guideline, it was already riddled by controversy. Divided into two distinct parts, the rules sought to regulate intermediaries through MeitY and the

digital news media, including over-the-top (OTT) media services, such as Netflix and Amazon Prime, through the Union Ministry for Information and Broadcasting. Insofar as intermediaries are concerned, the IT Rules imposed a series of onerous obligations, a breach of which could result in a loss of safe harbour.

Among other things, the rules required social media platforms, in particular messaging services, to provide technological solutions that would enable them to identify the first originator of any information on their service, where demanded by government, under a set of given circumstances, or where mandated by an order of court. Given the implication of this on end-to-end encryption, and as a result on our right to privacy, the IT Rules has been subject to several sets of challenges, with petitions now pending consideration in the Supreme Court of India.

**Restrictions through executive diktats**

The amendments introduced this month bring with them a new assault on our liberty. To be sure, misinformation or fake news-whatever one might want to call it - is rampant on the Internet. Its effects are unquestionably deleterious. But what might the solutions to this problem be? There is the oft-cited passage from Justice Louis Brandeis's classic 1927 opinion in the United States Supreme Court case, Whitney vs California, where he wrote that "if there be time to expose through discussion, the falsehoods and fallacies, to avert the evil by the processes of education, the remedy to be applied is more speech, not enforced silence...". But given the structural inequalities in society, we know that a resolution of this kind is not always helpful, that speech by itself can be harmful, and when it is, it demands intervention from the law.

Equally, though, we must be cognisant that not all problems are capable of easy legislative solutions. Certainly, thoughtless censorship is never an answer. What is worse, in the case of the IT Rules, restrictions flow not through legislation, but through executive diktats. And these commands militate against substantive constitutional guarantees. Article 19(1)(a) grants to every citizen a right to freedom of speech and expression. That right can only be limited through reasonable restrictions made by law on one or the other of the grounds stipulated in Article 19(2), namely, in "the interests of the sovereignty and integrity of India, the security of the State, friendly relations with foreign States, public order, decency or morality or in relation to contempt of court, defamation or incitement to an offence"

As is plain to see, fake news and misinformation are not grounds on which speech can be limited. No doubt, if a piece of information is proven to be false and has a direct bearing on one of the grounds stipulated in Article 19(2), such speech can be limited through law. But the amendments made to the IT Rules do not caveat the restraints they place in any manner. Instead they confer on the Fact Check Unit limitless powers to decide what information is false and, in the process, compel social media intermediaries to act based on these findings.

**Open-ended and undefined**

In its landmark judgment in Shreya Singhal vs Union of India (2015), the Supreme Court, in striking down Section 66A of the IT Act, held that a law that limits speech can neither be vague nor over-broad. The amendment to the IT Rules suffers on both accounts. First, the notification fails to define fake news. Second, it allows the government's fact-check unit to make declarations on the veracity of any news "in respect of any business" that involves the state. The use of open-ended and undefined words, especially the use of the phrase "any business" in a nation such as India, where the state has wide-ranging reach-indicates that the government will have an effective carte blanche to decide what each of us can see, hear, and read on the internet.

Any workable and constitutionally committed campaign against fake news would have looked first towards a comprehensive parliamentary legislation on the matter. And a legislation emanating out of such a process would have tethered limitations on speech to the grounds stipulated in Article 19(2). It would have further ensured that the government cannot act as an arbiter of its own cause. In France, for example, where legislation exists to counter the spread of misinformation during elections, the declaration is made not by government but by an independent judge.

A proper, lawfully enacted statute would have also demanded a decision on whether a directive to remove misinformation is the only solution to fake news, or whether there are other, less restrictive alternatives available

for instance, in many cases, a government faced with what it believes is deceptive news always has the power to provide its own version of the facts, without calling for an erasure of other accounts.

The amendments to the IT Rules are not only a product of pure executive instruction but also eschew each one of these considerations. The consequences are chilling. Intermediaries faced with the threat of prosecution will naturally weed out information deemed false by the Fact Check Unit. It will only remain for the state to tell us what the truth is. The rights of the press, and indeed of the common person, to question authority, to speak truth to power, will be diminished, and our civil liberties obliterated.

*(Subrith Parthasarathy is an advocate practising in the Madras High Court.)*

**The Hindu,**
**20th April, 2023.**

# Familiar Discourse

Zumbish

***The world met to discuss the bourgeoning water crisis after nearly half a century; but commitments on action were largely a reiteration of ongoing work***

The 1970s was arguably an epochal decade for the UN. The multilateral body held nine major global meetings during these years, each one focused on an emerging threat or opportunity that needed planetary response. It was as if the world was getting ready for a multi-front war on the crises. Nearly all countries participated in these conferences, marking them as global milestones.

The conference were on the environment (the stockholm Conference in 1971), on population and on food (both in 1974), on women (1975), on human settlement (1976), on water and on desertification (both in 1977), on science and technology for development (1979) and on new and renewable energy sources (1981). Over the next four decades, each of these conferences resulted in worldwide changes, often through landmark conventions and global treaties. Most of them were followed up by meetings that provided up dates on action taken and reiterated commitments from countries.

But the UN Conference on Water, held in Mar del Plata, Argentina on March 14-25, 1977, stood out as more of an anomaly than a landmark. Unlike other conferences, it was not initiated by any government and no country took ownership of it, even though 105 governments ultimately participated in the meet. UN records show that three senior officials from the body's now-defunct Centre for National Resources, Energy and Transport initiated the conference and pursued countries to propose it for approval by the UN General Assembly in 1975. Then, the world waited 46 years for a follow-up to this meet, which came as the UN's "water conference" held in New York on March 22-24 this year.

The latest conference was held during the International Decade of Action for Water for Sustainable Development (Water Action Decade). Its formal name, 2023 Conference for the Midterm Comprehensive Re- view of Implementation of the UN Decade for Action on Water and Sanitation (2018-2028, 'composed of voluntary

commitments from UN Member States and stakeholders') however, does not identify it as a world conference.

### TOO LONG A PAUSE

The 1977 conference was touted as the first attempt to avoid a water crisis by the end of the 20th century. Notably, it declared that "all people have the right to have access to drinking water equal to their basic needs." Its outcome, known as the Mar del Plata Action Plan, mostly revolved around countries' efforts to better assess the state of water resources, development of mechanisms and technology to manage water for sustainable human and biodiversity use and international co-operation to tackle challenges.

But at the opening of the 2023 conference, UN Secretary-General António Guterres gave the world a scathing reality check: "Water is in deep trouble. We are draining humanity's lifeblood through vampiric overconsumption and unsustainable use and evaporating it through global heating. We've broken the water cycle, destroyed ecosystems and contaminated groundwater." In an appraisal of the human toll on water that has taken place during the long gap between the two water conferences, Guterres said, "Nearly three out of four natural disasters are linked to water. One in four people lives without safely managed water services or clean drinking water. And over 1.7 billion people lack basic sanitation. Half a billion practice open defecation. And millions of women and girls spend hours every day fetching water." Argentina, the host of the 1977 conference, is seeing record-breaking rainfall deficit for the third consecutive year. Its soybean production has dipped by 44 percent and wheat production by 31 per cent.

On the first day, delegate after delegate acknowledged that global stocktaking on water has had too long a pause. The World Health Organization (WHO) added urgency with a new set of data: globally, more than 700 children under the age of five die every day from diarrhoea linked to lack of access to safe water and sanitation. "On average, a four- fold increase in current rates of progress would be required to achieve universal coverage by 2030. Achieving these targets would help save 829,000 lives annually, which is currently the number of people that die from diseases directly related to unsafe water, inadequate sanitation and poor hygiene practices," it said.

For 40 hours in New York, some 10,000 participants debated and discussed the future of water and the global response to the crisis that is

already wreaking havoc. Reiterating a statement that was made in 1977 (and is now a widely-accepted principle), they declared that water should be treated as a global common good. In effect, the only difference from 1977 is that the recent conference included climate change and the food production system in the global water discourse.

On the last day, some 700 voluntary commitments were made by countries, private corporations and multilateral agencies. These were bundled into a "Water Action Agenda". "The commit ments at this conference will propel humanity towards the water-secure future every person on the planet needs," said Guterres.

**PLEDGES CONTINUUM**

The Water Action Agenda falls short of outcomes expected from the conference. Before it commenced, there was hope for a formal agreement on water, similar to those on climate change (UN Framework Convention on Climate Change) and on biodiversity (UN Convention on Biological Diversity). "This conference did not give us a mandate for this, but we brought the world together to ensure there is a follow-up," Henk Ovink, special envoy for water for the Netherlands, which co-hosted the conference with Tajikistan, said at a media briefing. "We have fragmented water governance across the world fragmented finance and not enough science and data in place," he said. UN General Assembly President Csaba Korosi said in total, more than US $300 billion was pledged. "The outcome of this conference is not a legally binding document, but it still turns the page of history," he said in his closing remarks.

The 700 commitments are mostly based on countries' and agencies' ongoing investments in the water sector or on national programmes being implemented for decades to deal with local water and sanitation challenges. For instance, the US announced a commitment of up to $49 billion in investments to support climate-resilient water and sanitation infrastructure and services. These investments are already a part of the country's climate and water sector programmes. Japan announced that it will "proactively"- contribute to solutions for water related social issues faced by the Asia-Pacific region, by developing "quality infrastructure and providing financial assistance worth approximately 500 billion yen ($3.65 billion) over the next five years. Japan has been a prolific funder of such infrastructure programmes through Japan International Co-operation Agency (JICA), which aids socio-

economic growth of developing nations. Vietnam pledged to develop policies by 2025 for management of major river basins and to ensure that all households have access to clean running water by 2030—these have been a part of its national development goals since the 1990s.

Union Minister of Jal Shakti Gajendra Singh Shekhawat, who represented India at the conference, said the country's commitment to the Water Action Decade was unwavering and cited ongoing water related programmes. "India has committed investments of over $240 billion in the water sector and is implementing the largest dam rehabilitation programme in the world as well as efforts to restore groundwater level," he said at the plenary.

Heads of state from Africa, which suffers the most from water and sanitation-related diseases and economic burdens, announced presidential compacts reiterating top political commitments to the water sector. The African Union Commission and the Continental Africa Investment Programme, which focuses on climate-resilient water and sanitation investments, made a declaration on closing the region's water investments gap by mobilising at least $30 billion per year by 2030 through a range of initiatives.

Most African countries reiterated national plans to meet Sustainable Development Goal (SDG) 6 for safe water and sanitation. The Mozambique government committed to taking "all necessary steps" to accelerate achievement of SDG 6 by 2030, with investments of $9.5 billion. The Niger Basin Authority (NBA), an inter governmental body comprising nine African countries, and the German environment ministry made a joint commitment of $21.2 million in funding for a project to strengthen integrated water resource management in NBA member countries. This project is already underway.

The EU announced a pledge to support access to 70 million individuals to an improved drinking water source and/or sanitation facility by 2030, as well as a commitment to provide member-states with •20 million ($21.8 million) in funding to accelerate deployment of wastewater surveillance for COVID-19. Switzerland, a non-EU nation, submitted five commitments to contribute to the UN's work, including for the Water Convention, set up by the UN Economic Commission for Europe to ensure sustainable use of trans- boundary water resources.

## LACK OF AMBITION

On March 24, after the Water Action Agenda was adopted, 114 experts from institutions and civil society groups from worldwide wrote to Guterres, stating "grave concern" over a lack of decisive action for water. "We urge you to demonstrate bold leadership to dramatically raise the level of accountability, rigor and ambition within the Conference outcomes to reflect the gravity and urgency of our global water challenges," they said. On the 700 commitments, they said, "We fear that their disparate and uncoordinated nature will further fracture an already fragmented sector and occupy political space on water with- out unlocking substantive progress. As voluntary commitments, they are likely to suffer from woefully low levels of accountability which will conspire against effective delivery."

"Trying to solve one of the greatest challenges facing humanity with voluntary commitments and solutions based on half-baked evidence is like taking a knife to a gunfight- it simply is not good enough and represents a betrayal of the world's Spoor who bear the brunt of the water crisis," said Nick Hepworth, executive director of Scotland-based non-profit Water Witness International and a signatory of the letter, at a side event during the conference.

The World Resources Institute, a research non-profit, in an analysis of the commitments, says, "More than 290 commitments submitted to the Water Action Agenda-74 per cent of the total, as of March 18-lacked clear funding targets. Commitments are meaningless without the finance to put them into action." Charles Ice- land, global director for water at the institute, says only about a third of the pledges were "game changers" that would substantially improve the crisis. "I think the voluntary commitments are a good start... Each voluntary commitment has a place where you talk about how much money is available, most of them left that blank".

**Down to Earth,**
**16-30 April, 2023.**

# മാധ്യമ സ്വാതന്ത്ര്യവും പൊതുസമൂഹവും

ഡോ. ജെ. പ്രഭാഷ്

*നമ്മുടെ രാഷ്ട്രീയക്കാർക്കുമുന്നിൽ രാഷ്ട്രീയ ശരികൾ മാത്രമേയുള്ളൂ. അതോടെ അവർ നിയമങ്ങളെ നിയമവാഴ്ചയായി തെറ്റിദ്ധരിക്കുന്നു. അപ്പം ചുടും പോലെ നിയമങ്ങൾ ഉണ്ടാക്കുന്നു. അവ ദുരുപയോഗം ചെയ്യുന്നു.*

പൗരാവകാശ സംരക്ഷണത്തിന്റെ മാതൃകയെന്ന് കരുതുന്ന ജനാധിപത്യത്തിൽ പോലും അവകാശലംഘനങ്ങൾ വർധിച്ചു വരുന്നു എന്നതാണ് വർത്തമാനകാല ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. സാമുവൽ ബെക്കറ്റിന്റെ നാടകത്തിലെ (Waiting for the Godot) കഥാപാത്രമായ ഗോദോയെപ്പോലെ അതിനായി ആരും കാത്തിരുന്ന് മുഷിയേണ്ടതില്ല. നിനച്ചിരിക്കാതെ അത് വന്നുകൊണ്ടിരിക്കുന്നു, വീണ്ടും വീണ്ടും.

ഭരണകൂട വിമർശനത്തിന്റെയോ അവകാശ പ്പോരാട്ടങ്ങളിൽ പങ്കെടുത്തതിന്റെയോ, രാഷ്ട്രീയ വൈരത്തിന്റെയോ അതുമല്ലെങ്കിൽ , നാവുപിഴയുടെയോ പേരിലാവാം ഇങ്ങനെ സംവിക്കുന്നത്. സർക്കാരിന് ഉപയോഗിക്കാൻ പാകത്തിൽ അനേകം നിയമങ്ങളുണ്ട്. സ്വാഭാവികമായും പൗരാവകാശങ്ങൾ ഇത്തരം നിയമങ്ങളുടെ കരങ്ങളിൽ തൂങ്ങിയാടുന്നു. ഇന്ത്യയും ഇതിനൊരു അപവാദമാകുന്നില്ല.

### മാധ്യമസ്വാതന്ത്ര്യം താഴോട്ട്

മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഇന്ത്യ 11 സ്ഥാനം പിറകോട്ടുപോയി. 150-ൽ നിന്ന് 161 ലേക്ക്. നേപ്പാളും (95) ശ്രീലങ്കയും (135) പാകിസ്ഥാനും (150) അഫ്ഗാനിസ്ഥാനു മൊക്കെ (152) നമുക്കുമുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു!. മാധ്യമ പ്രവർത്തകർക്കു നേരെയുള്ള ആക്രമണം, രാഷ്ട്രീയ പക്ഷ പാതിത്വമുള്ള മാധ്യമങ്ങളുടെ സാന്നിധ്യം, മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണം തുടങ്ങിയ ഘടകങ്ങളാണ് ഇന്ത്യയെ പിന്നോട്ടുതള്ളിയത്.

ഒരുപതിറ്റാണ്ടായി മാധ്യമ സ്വാതന്ത്ര്യ ത്തിന്റെ കാര്യത്തിൽ നാം നിരന്തരം താഴോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു എന്നത് സുവിദിത മാണ്. 2016-18-ൽ 140-ൽ താഴെയായിരുന്നു നമ്മുടെ സ്ഥാനമെങ്കിൽ തൊട്ടടുത്ത വർഷങ്ങളിൽ (2019-21) അത് 140-142-ലെത്തി. വീണ്ടും വലിയ തകർച്ചയോടെ 150-ലേക്കും (2022) ഈ വർഷം 161-ലേക്കും കൂപ്പുകുത്തി. മാത്രമല്ല, മറ്റു പല കാര്യങ്ങളിലും ജനാധിപത്യത്തിന്റെയും വിശപ്പിന്റെയും ആളോഹരി ആനന്ദത്തിന്റെയുമൊക്കെ പട്ടികയിൽ ഇന്ത്യ ഇക്കാലയളവിൽ താഴോട്ടു പോയി എന്നതും ഗൗരവമായി കാണേണ്ടതാണ്.

### അറ്റ്ലസ് ഓഫ് ഇംപ്യൂണിറ്റി

ഫെബ്രുവരിയിൽ അധികമാരും ശ്രദ്ധിക്കാതെപോയ മറ്റൊരു കണ്ടെത്തലും പുറത്തുവന്നിരുന്നു. ബ്രിട്ടീഷ് മുൻവിദേശകാര്യ സെക്രട്ടറി ഡേവിഡ് മിലിബാൻഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അറ്റ്ലസ്

ഓഫ് ഇംപ്യൂണിറ്റിയെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ഉത്തരവാദിത്വമില്ലാത്ത അധികാര പ്രയോഗത്തിന്റെയും സമൂഹത്തിലെ ഉന്നതർ നിയമത്തിന് അതീതരായി പ്രവർത്തിക്കുന്നതിനെയുമാണ് ഇംപ്യൂണിറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

പ്രധാനമായും ചില മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിൽ കണക്കിലെടുത്തത്. നിരുത്തരവാദപരമായ ഭരണം, സാമൂഹിക സംഘർഷങ്ങളും അക്രമങ്ങളും, മനുഷ്യാവകാശ ലംഘനം, സാമ്പത്തിക ചൂഷണം, പാരിസ്ഥിതിക പ്രതിസന്ധി. റാങ്ക് കൂടുന്നതനുസരിച്ച് രാജ്യങ്ങളുടെ സ്ഥാനം മുകളിലോട്ടും അത് കുറയുന്നതനുസരിച്ച് താഴോട്ടും പോകുന്നു. ഒന്നാമതെത്തിയ ഫിൻലൻഡിന്റെ സ്ഥാനം 163 ആയപ്പോൾ ഇന്ത്യയുടേത് വെറും 46-ൽ ഒതുങ്ങി. ഭരണകൂടവീഴ്ചകൾ ചോദ്യം ചെയ്യപ്പെടാനാവാത്ത രാജ്യങ്ങളുടെ പട്ടികയിലാണ് നമ്മുടെ രാജ്യത്തെപ്പെടുത്തിയിരിക്കുന്നത്. സ്കോർ ഇത്രയും താഴെപ്പോകാനുള്ള സുപ്രധാന കാരണം അടിക്കടി വർധിച്ചുവരുന്ന സാമൂഹിക സംഘർഷങ്ങളും മനുഷ്യാവകാശ ലംഘനങ്ങളുമാണെന്ന് അറ്റ്ലസിന്റെ സംഘാടകർ സൂചിപ്പിക്കുന്നു.

**1. അപകടമുനമ്പിൽ**

അപകടമുനമ്പിലാണ് നാം കഴിയുന്നതെന്ന സൂചനയാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഇംഗ്ലണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇക്കണോമിക് ഇന്റലിജൻസ് യൂണിറ്റ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നതുതന്നെ അപര്യാപ്ത ജനാധിപത്യ രാജ്യങ്ങളുടെ പട്ടികയിലാണ്. നരേന്ദ്ര മോദി അധികാരത്തിൽ എത്തുന്നതിന് വളരെ മുമ്പുതന്നെ (2006) നാം ഇതിൽ ഉൾപ്പെട്ടിരുന്നു എന്നുകൂടി ഓർക്കുക. 2022-ലെ കണക്കനുസരിച്ച് ലോക ജനസംഖ്യയിൽ വെറും എട്ടു ശതമാനം മാത്രമാണ് പൂർണ ജനാധിപത്യത്തിനു കീഴിൽ ജീവിക്കുന്നത്. നിർഭാഗ്യവശാൽ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ അന്തേവാസികൾ എന്ന് ഊറ്റംകൊള്ളുന്ന നാം ഇതിൽപ്പെടുന്നില്ല .

അമേരിക്കയിൽ നിന്ന് താൻ പഠിച്ച ഏറ്റവും വലിയ പാഠം ഭരണകൂടം സ്വതന്ത്രമായിരിക്കുമ്പോഴും ജനങ്ങൾ സ്വതന്ത്രരാവുന്നില്ല എന്നതാണെന്ന് കാൾമാർക്സ് ഒരിക്കൽ പറഞ്ഞത് ഏതാണ്ട് അറംപറ്റിയതുപോലെ ആയിരിക്കുന്നു. ഇന്നിപ്പോൾ ഭരണകൂടങ്ങൾ ജനങ്ങളിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു തുടങ്ങിയിരിക്കുന്നു.

**ആരാണ് പ്രതി**

പ്രശ്നം നമ്മുടെ ഭരണഘടനയുടെയോ ജനാധിപത്യ സംവിധാനത്തിന്റെയോ അല്ല. ഭരണകൂടത്തോടൊപ്പം പൊതുസമൂഹവും ഇവിടെ പ്രതിപ്പട്ടികയിൽ നിൽക്കുന്നു. ചിന്തിക്കുകയും പ്രവർത്തിക്കുകയും ആത്മാഭിമാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന പൗരസമൂഹത്തെയാണല്ലോ ഭരണഘടന വിഭാവനം ചെയ്യുന്നത്. അത് (ഭരണഘടന) ഉറപ്പാക്കാൻ ശ്രമിക്കുന്ന ജനാധിപത്യ

ത്തിന്റെയോ ദേശീയതയുടെയോ അടിസ്ഥാനം ഭരണകൂടവിധേയത്വമോ മൗനത്തിന്റെ ദേവഭാഷയോ അല്ലതാനും. അത് സൃഷ്ടിപരമായ വിയോജിപ്പുകളിലും നിർഭയമായ അഭിപ്രായപ്രകടനത്തിലുമാണ് കുടികൊള്ളുന്നത്. പ്രശസ്ത എഴുത്തുകാരി മാർഗരറ്റ് അറ്റ്വുഡ് പറഞ്ഞതുപോലെ ജനാധിപത്യത്തിന്റെ സാരാംശം സംവാദമാണ്. വാക്കുകൾ, വീണ്ടും വാക്കുകൾ, വീണ്ടും വാക്കുകൾ. ഇതാണ് നമ്മുടെ ഭരണഘടനയുടെ അന്തഃസ്സത്ത. ഉത്തരം ഇല്ലെങ്കിൽപ്പോലും ഭയരഹിതമായി ചോദ്യങ്ങൾ ചോദിക്കാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.

പക്ഷേ, നമ്മുടെ രാഷ്ട്രീയക്കാരുടെ പ്രശ്നം, അവർ അധികാരത്തിൽ എത്തുമ്പോൾ ഇത്തരം കാര്യങ്ങൾ വിസ്മരിക്കുന്നു എന്നതാണ്. അവർക്കു മുന്നിൽ രാഷ്ട്രീയശരികൾ മാത്രമേയുള്ളു. ഇതോടെ അവർ നിയമങ്ങളെ നിയമവാഴ്ചയായി തെറ്റിദ്ധരിക്കുന്നു. അപ്പം ചുടും പോലെ നിയമങ്ങൾ ഉണ്ടാക്കുന്നു. അവ ദുരുപയോഗം ചെയ്യുന്നു, പൊതുസമൂഹത്തെയും മാധ്യമങ്ങളെയും ഭയപ്പെടുത്തി മൗനികളാക്കാൻ ഭയമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനഭാവമെന്ന് നെപ്പോളിയൻ പറഞ്ഞത് വെറുതേയല്ല.

ഇതിനു സമൂഹം വഴങ്ങുംതോറും രണകൂടം ശക്തിപ്പെടുന്നു. ജനാധിപത്യത്തിന്റെ പ്രശ്നം ഭരിക്കുന്നവരുടെ അധികാരമോഹത്തെക്കാൾ ഭരിക്കപ്പെടുന്നവർക്ക് സ്വന്തം ശക്തിയെക്കുറിച്ച് ബോധ്യമില്ലാത്തതും അവരുടെ ജാഗ്രതക്കുറവുമാണ്. അതുകൊണ്ടുതന്നെ മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നിർണായകമായ ഇടപെടൽ പൊതു സമൂഹത്തിൽ നിന്ന് വരേണ്ടതുണ്ട്.

*(ഡോ. ജെ. പ്രാഷ് രാഷ്ട്രീയ നിരീക്ഷകനാണ്)*

**മാതൃഭൂമി,**
**10 മേയ്, 2023.**

ഀഀഀഀ

# Long Covid: A Lingering Problem Requiring Greater Attention

Rajeev Jayadevan

*For long Covid the onset is more insidious and diagnosis is less certain there are no diagnostic tests to confirm long covid and there fore a sizable number of patients go undetected*

"Sometimes, I forget what I was doing, and have to pause and think."

"After having COVID-19. I have not been able to go to work due to breathing difficulty"

"I feel so tired, with aches and pains in my muscles and joints."

These are complaints voiced by some people long after recovering from COVID-19. While it is not unusual for a viral fever to leave a person feeling tired for a few days, people with long COVID experience symptoms for several months or even longer.

**Several symptoms**

The World Health Organization (WHO) defines long COVID as the continuation or development of new symptoms (beyond three months after the initial infection). Lasting for over two months with no alternative explanation. Studies have attempted to determine how commonly it occurs. However, since there are several symptoms reported by those who suffer from long COVID, classification has become difficult. For instance, a study that uses tiredness as a criterion could overestimate the prevalence, as that symptom is already common among the general population.

A study of long COVID from AIIMS, Delhi during the first wave reported its incidence to be as high as 10%. More recent studies estimate the true incidence to be around 5%, which implies that one out of 20 patients with COVID-19 go on to develop long COVID While gradual recovery has occurred in some cases, this has not been the case for others. For instance, a paper from Kerala reports that 62% of long COVID patients who became unemployed following their

initial illness remained so even at 10 months post-infection.

Across the world, millions continue to suffer from long COVID, and study last year by the Atlanta-based CDC found that nearly one-fifth of people in the U.S. who had the disease in the last two years continued to suffer from long COVID.

The impact of any disease is assessed based on certain outcomes. For COVID-19, death is a frequently discussed hard outcome measure. However, long COVID is a relatively soft outcome because its onset is more insidious and its diagnosis is less certain. Many people experiencing long COVID do not rush to the doctor, and among those who do, a diagnosis is seldom made.

Frequently, such people are ignored as 'psychological' or 'anxiety-related'. Unfortunately, there are no diagnostic tests such as X-rays, CT scans, or blood tests to confirm long COVID. Therefore, a sizeable number of patients with long COVID go undetected.

Research is ongoing to determine why only some individuals develop long COVID. Some studies have found that it is more common in women, but it has not been linked to any specific age group or the severity of the initial infection. Initially, long COVID was thought to be an auto immune phenomenon, and some believe it is due to persistence of the virus in remote parts of the body, such as the gut. Reactivation of other viruses in the body is also implicated. There is evidence of an abnormal immune response in long COVID, but it is not clear what drives this response or what can be done to alleviate it.

At present, there are no approved drugs for treating long COVID, and multiple clinical trials are currently under way. The WHO said the best way to prevent long COVID is to avoid getting infected with SARS-CoV-2 virus.

Preventing COVID-19 on a forward timeline is challenging for many reasons. Firstly, many infections occur without symptoms. Second, the virus is constantly evolving to escape human immune responses arising from vaccination and/or prior infection. This

means that repeated bouts of COVID-19 can be expected, especially when precautions are not followed during a regional surge. A recent study published by the CDC found that 15% of re infections or occurred as early as two months after initial infection. Every (re)infection has a possibility of causing long COVID.

**Pandemic fatigue**

The recent declaration by the WHO ending the COVID-19 public health emergency of international concern is misunderstood as the end of the pandemic itself. Blame it on pandemic fatigue, despite the WHO's assertion that COVID-19 continues to be an "established and ongoing health issue", people end up taking home a different message. For them, the declaration of the end of the public health emergency is tantamount to the pandemic coming to an end. This could worsen the spread of the virus.

Recognising the existence of long COVID and continuing to implement regionally appropriate mitigation measures when the situation so demands will help in reducing the negative impact of the pandemic on global health and productivity.

*(Rajeev Jayadevan is co-Chairman, National IMA COVID Task Force)*

**The Hindu,**
**14th May, 2023.**

# അതിരുവിടുന്ന നിർമ്മിത ബുദ്ധി

ബി.എസ്. ബിമിനിത്

*നിർമ്മിതബുദ്ധിയെ എത്രത്തോളം സ്വതന്ത്രമാക്കാമെന്ന ചർച്ച ചൂടുപിടിക്കുകയാണ്. എ.ഐയുടെ തലതൊട്ടപ്പൻ ജഫ്രി ഹിന്റൺ ഗൂഗിളിൽ നിന്ന് രാജിവെച്ച് അതിനെതിരെ രംഗത്തിറങ്ങിയപ്പോൾ ചാറ്റ് ജി.പി.ടി.യുടെ സൃഷ്ടാക്കളിൽ പ്രധാനി സാം ആൾട്ട്മാൻ തന്നെ പറയുന്നത് നിർമ്മിത ബുദ്ധി വഴിതെറ്റിപ്പോകാൻ സാധ്യതയുണ്ടെന്നും നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്നുമാണ് ചാറ്റ് ജി.പി.ടി. തരംഗം സെർച്ചിലും ബ്രൗസറുകളിലും ചേക്കേറി സമൂഹത്തിലേക്കിറങ്ങുമ്പോൾ നിർമ്മിതബുദ്ധി ഉയർത്തുന്ന ചോദ്യങ്ങൾക്ക് ഗൗരവമേറുകയാണ്.*

മനുഷ്യന്റെ ബൗദ്ധികമണ്ഡലവും നിർമ്മിതബുദ്ധിയും (Artificial Intelligence) തമ്മിലുളള അകലം കുറഞ്ഞുവെന്ന് തോന്നിത്തുടങ്ങിയത്, നമ്മളോട് നമ്മളെപ്പോലെ നമ്മുടെ ഭാഷയിൽ സംസാരിക്കാൻ ശേഷിയുള്ള ഈ ചാറ്റ് ജി.പി.ടി. -യുടെ വരവോടെയാണ്. ഒരു പടികൂടി കടന്ന്, ചിത്രങ്ങൾ മനസ്സിലാക്കാൻ ഒരു കഴിവുനേടിയ പുതിയ ചാറ്റ് ജി.പി.ടി. മനുഷ്യനെപ്പോലെ ചിന്താശേഷിയുള്ള ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് (AGI) എന്ന ഫാന്റസി യാഥാർഥ്യമാക്കിയേക്കുമെന്ന വിമർശനവും മറുഭാഗത്ത് ഉയരുന്നുണ്ട്. പുതിയ സാഹചര്യത്തിൽ മനുഷ്യബുദ്ധിക്കുമേൽ നിർമ്മിതബുദ്ധി ആധിപത്യം സ്ഥാപിക്കുമെന്ന ഭീതിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ തലതൊട്ടപ്പൻ എന്നറിയപ്പെടുന്ന ജഫ്രി ഹിന്റ്-നെ ഗൂഗിളിൽനിന്ന് രാജിവെക്കാനും എ.ഐ.ക്കെതിരേ പൊരുതാനിറങ്ങാനും പ്രേരിപ്പിച്ചത്.

## ആശങ്കയുണർത്തുന്ന കിടമത്സരം

ജിപിടി 4 എന്ന ലാർജ് ലാംഗ്വേജ് മോഡൽ അടിസ്ഥാനമാക്കിയ പുതിയ ചാറ്റ് ജി.പി.ടി. മെഡിക്കൽ പരീക്ഷയിലും പ്രതിഭ ആവശ്യമായ ജോലികളിലും മികവ് പുലർത്തിയെന്നു സൂചിപ്പിക്കുന്ന വാർത്തകൾ ഈ ചിന്തകളെയെല്ലാം സാധൂകരിക്കുന്നു. ചാറ്റ് ജി.പി.ടി. സാങ്കേതിക വിദ്യയുടെ പിന്തുണയോടെ വെബ്സെർച്ചുമായി കൂട്ടിയിണക്കി കൂടുതൽ കരുത്തുള്ള ചാറ്റ് ബോട്ട് സൈബർ ലോകത്തേക്കിറക്കി വിട്ടത് കംപ്യൂട്ടർ സാങ്കേതികമേഖലയെ കൈപ്പിടിയിലൊതുക്കിയ മൈക്രോസോഫ്റ്റാണ്. അതേ ജനുസിൽപ്പെട്ട 'ബാർഡു' മായി (BARD) ഐ.ടി. ഭീമനായ ഗൂഗിളും (ആൽഫബെറ്റ്) രംഗത്തുവന്നതോടെ വിപണി പിടിക്കാനുള്ള മത്സരം ഒരു ടെക് യുദ്ധത്തോളം (Technology war) വളർന്നുകഴിഞ്ഞു. ആ കിടമത്സരം സൃഷ്ടിക്കുന്നത്. ചെറിയ ആശങ്കയൊന്നുമല്ല.

## ചിന്താശേഷിയുടെ കടയ്ക്കൽ കത്തി

വിവരങ്ങളൊന്നും ഓർത്തുവെക്കുന്നതിൽ വലിയ കാര്യമില്ലെന്ന ധാരണ വളർത്തിയത് സ്മാർട്ട്ഫോൺ വഴി നമ്മുടെ പോക്കറ്റിൽ വരെ സദാസമയവും കൂടെയുണ്ടാകുന്ന ഗൂഗിളാണ്. ആവശ്യം അറിയിച്ചാൽ വേണ്ടത് എന്തും തരുന്ന

സെർച്ച് സംവിധാനങ്ങൾ പരന്ന വായന ശീലവും അതിലൂടെ ആർജിച്ചെടുക്കാവുന്ന വിശാലമായ അറിവും ഇല്ലാതാക്കുന്നു എന്നതായിരുന്നു പ്രധാന ആക്ഷേപം. ചാറ്റ് ജി.പി. ടി. സെർച്ച് രംഗത്തെത്തുമ്പോൾ സംഭവിക്കുന്നത് അതിലും വലിയ പ്രത്യാഘാതങ്ങളാണ്. മനുഷ്യ മസ്തിഷ്ക ത്തിലെ പ്രവർത്തനങ്ങളെയും അവന്റെ ചിന്താമണ്ഡലങ്ങളെയും അനുകരിച്ച് തയ്യാറാക്കിയ ന്യൂറൽ ലാംഗ്വേജ് മോഡലുകളുടെ പിൻബലത്തിലാണ് ചാറ്റ് ജി.പി.ടി.-യും (GPT) ഗൂഗിളിന്റെ ബാർഡും (LAMDA) പ്രവർത്തിക്കുന്നത് മാനസികമായി അടുപ്പം തോന്നുന്ന തരത്തിൽ ലളിതമായ ഭാഷയിൽ മനുഷ്യനെപ്പോലെ സംസാരിക്കാൻ കഴിവുള്ള ചാറ്റ് ജിപി.ടി.യും ബാർഡും സെർച്ച് സംവിധാനങ്ങളിലേക്ക് എത്തുമ്പോൾ വിവരാന്വേഷണവും വായനയും കൂടുതൽ യാന്ത്രികമാകും.

സാധാരണ സെർച്ച് സംവിധാനങ്ങൾ വെബ്പേജുകളിലേക്കുള്ള ലിങ്കുകൾ ലിസ്റ്റ് ചെയ്ത് തരുകയാണെങ്കിൽ ഒരു പടികൂടി കടന്ന് ആ ലിങ്കുകളിലെ വിവരങ്ങൾ പഠിച്ച് ലളിതമായ ഭാഷയിൽ പറഞ്ഞുതരുകയാണ് ചാറ്റ് ജി.പി. ടി.യും കൂട്ടരും ചെയ്യുന്നത്. മനുഷ്യൻ ചെയ്യേണ്ട ജോലികൂടി ഏറ്റെടുത്ത് ചെയ്യുന്നതു കൊണ്ടുതന്നെയാണ് അത് ഒരു മഹാവിപ്ലവമായി കണക്കാക്കുന്നത്.

**സെർച്ചിലെ എ.ഐ.**

പുതിയ വിങ്സെർച്ച് എൻജിനിലെ (Bring New) ചാറ്റ്ബോട്ട് നമ്മൾ ചോദിക്കുന്ന ചോദ്യത്തിന് ഇന്റർ നെറ്റിൽനിന്ന് വിവരങ്ങൾ സ്വയം പരതി യെടുത്ത് ഉത്തരം നൽകും. കൂടുതൽ അറിയേണ്ടവർക്ക് ആ വിവരം ലഭിച്ച പേജിലേക്ക് ലിങ്കും തരും. ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യണോ എന്ന മറുചോദ്യവും ചാറ്റ് ബോട്ടിൽനിന്ന് ലഭിക്കും. സംഭാഷണങ്ങൾ അടിസ്ഥാന മായ പുതിയ തലത്തിലേക്ക് ഒരു രംഗം മാറുമോ എന്ന ആശങ്കയാണ് തിരക്കു പിടിച്ച് ബാർഡിനെ രംഗത്തിറക്കാൻ ഗൂഗിളിനെ പ്രേരിപ്പിച്ചത്. ജി.പി.ടി. 3.5 എന്ന ലാംഗ്വേജ് മോഡലിൽ പ്രവർത്തിക്കുന്ന ഓപ്പൺ എ.ഐ യുടെ സൗജന്യ ചാറ്റ് ജി.പി.ടി. അതിനെ പറഞ്ഞു പഠിപ്പിച്ച 20 കോടി വാക്കുകൾ (2021 വരെയുള്ള) അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന താണെങ്കിൽ അതിനേക്കാൾ ബുദ്ധിയുള്ള വയാണ് ജി.പി.ടി.4-ൽ പ്രവർത്തിക്കുന്ന ചാറ്റ് പി.പി.ടി. എസ്. പുതിയ ബിങ് സെർച്ചിൽ ലഭിക്കുന്നതും ഈ പുതിയ പതിപ്പാണ്.

ഫ്രിഡ്ജിൽ സൂക്ഷിച്ച സാധനങ്ങളുടെ ചിത്രം അപ്‌ലോഡ് ചെയ്ത ശേഷം അതുകൊണ്ടുണ്ടാക്കാവുന്ന വിഭവങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെട്ടാൽ കൃത്യമായി ഉത്തരം നൽകാൻ പുതിയ ചാറ്റ് ജി.പി.ടി.ക്കാകും. ഡോക്ടർമാർക്ക് വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഉപദേശം നൽകിയ പുതിയ ചാറ്റ് ജി.പി.ടി.യെ വാഴ്ത്തുന്ന വാർത്തകൾ ഒട്ടേറെയാണ്. (അതേസമയം മുൻപതി പ്പിനുമുന്നിൽ തോറ്റുപോയ സന്ദർഭങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്). ചാറ്റ് ജി.പി.ടി. എഴുത്തുഭാഷയോട് കൂടുതൽ അടുത്തു നിൽക്കുന്നുവെങ്കിൽ ബാർഡ് സംസാര ഭാഷയോടാണ് കൂടുതൽ ആഭിമുഖ്യം

പുലർത്തുന്നത്. തമാശ പറഞ്ഞും അനുകമ്പ പ്രകടിപ്പിച്ചുമൊക്കെ ആളെ കൈയിലെടുക്കാനുള്ള തന്ത്രങ്ങളൊക്കെ ബാർഡിന്റെ കൈവശമുണ്ട് എന്നാണ് റിപ്പോർട്ടുകൾ. തമാശയടക്കം വൈകാരികമായ തലത്തിൽനിന്ന് സംസാരിക്കാൻ പുതിയ ചാറ്റ് ജി.പി.ടി.-ക്കും കഴിവുണ്ട്.

വിവരസാങ്കേതികവിദ്യ ആദ്യം നമ്മുടെ ശീലങ്ങളിൽ മാറ്റംവരുത്തു മെന്നും പിന്നെ അവ വിപണി സമവാക്യങ്ങളെ വരെ സ്വാധീനിക്കുമെന്നും സ്ഥാപിക്കാൻ നമുക്കുമുന്നിൽ ഒട്ടനവധി ഉദാഹരണങ്ങളുണ്ട്. ഗൂഗിളിന്റെ വളർച്ചതന്നെയാണ് അതിൽ പ്രധാനം.

**ഗൂഗിൾ കുത്തക**

പരസ്പരം സംസാരിക്കാവുന്ന സെർച്ച് എൻജിൻ പുതിയ ചിന്തയൊന്നുമായിരുന്നില്ല. 1996-ൽ രംഗത്തുവന്ന ആസ്ക് ജീവസ് (ask.com) ചാറ്റ് സ്വഭാവമുള്ള സെർച്ച് എഞ്ചിനായിരുന്നു. ഇന്റർനെറ്റ് വികാസത്തിന്റെ ആദ്യഘട്ടത്തിൽ വളരെ നേരത്തേ വന്ന് ഗൂഗിളിന്റെ പ്രഭാവത്തിൽ തളർന്നുപോയവരിൽ പ്രധാനിയാണ് അത്. സെർച്ച് എന്നാൽ, യാഹുവും (yahoo.com) അൾട്ടാവിസ്റ്റ(Altavista.com) ആയിരുന്ന കാലത്ത്, 1998-ൽ രംഗത്തെത്തിയ ഗൂഗിൾ സവിശേഷ അൽഗോരിതത്തിന്റെ പിൻബലത്തിൽ ആ മേഖലയിലെ കുത്തകയായി മാറുകയായിരുന്നു. സെർച്ച് ചെയ്യുന്ന ആളുകളുടെ സ്വഭാവവും വെബ്സൈറ്റിന്റെ വായനക്കാരുടെ എണ്ണവും സ്ഥലകാലങ്ങളുമെല്ലാം അടിസ്ഥാനമാക്കി സെർച്ച് റിസൾട്ട് അടുക്കി വെച്ചുകൊടുക്കാൻ കഴിവുള്ള പേജ് റാങ്കിംഗ് സംവിധാനം വന്നതോടെയാണ് ഗൂഗിളിന് എതിരാളികളില്ലാതായത്.

2011 മുതൽ വർഷാവർഷം ശരാശരി 20 ശതമാനമായിരുന്നു ഗൂഗിളിന്റെ വളർച്ച. സേവനങ്ങൾ സൗജന്യമായി നൽകി ഉപയോക്താക്കളെ കൈയിലെടുത്ത ഗൂഗിൾ, വിപണിക്കും ഉപയോക്താക്കൾക്കുമിടയിലുള്ള (ഗൂഗിൾ ആഡ്സെൻസ് etc.) ഇടനിലക്കാരനായി. ഫലങ്ങൾ സത്യമാണോ, ആഴമേറിയതാണോ എന്നതിനേക്കാൾ ഗൂഗിളിന്റെ പേജ് റാങ്കിംഗ് സമവാക്യങ്ങൾക്ക് അനുയോജ്യമാണോ എന്നതായി വലിയ യോഗ്യത. ആ യോഗ്യതയ്ക്കനുസരിച്ച് ഉള്ളടക്കം നിർമ്മിക്കാൻ വെബ്സൈറ്റുകൾ ശ്രമം തുടങ്ങി. നാനാ മേഖലയിലും ആധിപത്യം പുലർത്തിയ ഗൂഗിൾ മനുഷ്യത്വത്തിലേക്ക് കടന്നുകയറ്റം തുടങ്ങിയതോടെ ഇന്ത്യയും അമേരിക്കയും യൂറോപ്യൻ യൂണിയനുമടങ്ങുന്ന ഒട്ടേറെയിടങ്ങളിൽ അവർക്ക് കോടതി കയറേണ്ടിവന്നു. നമ്മളറിയാതെ നമ്മുടെ മനസ്സിലേക്ക് ഒളിഞ്ഞുനോക്കി പരസ്യങ്ങളെറിഞ്ഞ് ലാഭമുണ്ടാക്കിക്കൊണ്ടിരുന്ന ഗുഗിളിന് ആദ്യമായീ ലക്ഷണമൊത്ത

ഒരു പ്രതിയോഗിയെത്തിയത് ഇപ്പോഴാണ്. ചാറ്റ് ജി.പി.ടി ഗൂഗിളിന്റെ 'തായ് വേരിന്' ഏൽപ്പിച്ചത് ചില്ലറ ആഘാതമൊന്നുമല്ല.

**സ്രഷ്ടാവ് എതിരാകുമ്പോൾ**

മനുഷ്യ ബുദ്ധിയുപയോഗിച്ച് ചെയ്യാവുന്ന എന്തുകാര്യവും അതുപോലെ ചെയ്യാൻ കഴിയുന്ന സാങ്കേതിക വിദ്യ എന്ന സങ്കല്പമാണ് ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് (AGI). സയൻസ് ഫിക്ഷനുകളിലെ ആ സാങ്കല്പിക ലോകത്തേക്കുള്ള ദൂരം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്ന ചിന്തയാണ് നിർമ്മിതബുദ്ധിയുടെ ഗോഡ്ഫാദർ ജഫ്രി ഹിന്റനെപ്പോലും മാറ്റിച്ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ആർട്ടിഫിഷ്യൽ ന്യൂറൽ നെറ്റ്‌വർക്കുകളുടെ ലോകത്തേക്ക് സാങ്കേതിക ലോകത്തെ കൈപിടിച്ചുയർത്തിയ അദ്ദേഹത്തിന്റെ സേവനം ഇനിമുതൽ നിർമ്മിത ബുദ്ധിക്കെതിരേയുള്ള പോരാട്ട രംഗത്തായിരിക്കും.

**മാതൃഭൂമി,**
**23 മേയ്, 2023.**

# വേണം കരുത്തുള്ള കടിഞ്ഞാൺ

ബി.എസ്. ബിമിനിത്

*ഇ-മെയിൽ മുതൽ സ്മാർട്ട് ഫോൺവരെ വിവിധ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവരുടെ സ്വകാര്യ വിവരങ്ങളും അഭിരുചിയുമെല്ലാം അറിഞ്ഞാണ് ഗൂഗിൾ അവരുടെ ബിസിനസ് മുന്നോട്ടുകൊണ്ടുപോകുന്നത്. സ്വന്തമായി രൂപപ്പെടുത്തിയ അൽഗോരിതം അവരെ കരുത്തരാക്കിയെങ്കിൽ ഏതാണ്ട് അതുപോലൊരു ആയുധമാണ്മൈക്രോസോഫ്റ്റിന്റെ കൈയിൽ ഇപ്പോൾ ചാറ്റ് ജി.പി.ടി. ഓൺലൈനിലും ഓഫ്ലൈനിലും ഒരേപോലെ ഉപയോഗിക്കാവുന്ന ഇന്റലിജന്റ് വെപ്പൺ.*

ഗൂഗിൾ ഉപയോഗിക്കുന്നവരാണ്. സെർച്ച് ഉപയോക്താക്കളിൽ 93 ശതമാനവും. ആ ഗൂഗിളിന് വെറും മൂന്നുശതമാനം പേർ മാത്രം ഉപയോഗിക്കുന്ന മൈക്രോസോഫ്റ്റ് ബിങ് സെർച്ച് വെച്ച വലിയ ചെക്കായിരുന്നു ചാറ്റ് ജി.പി. ടി. സാങ്കേതികവിദ്യയോടുകൂടിയ പുതിയ ബിങ് ചാറ്റ് സംവിധാനം. അവിടെ ഗൂഗിൾ പതറിപ്പോയത് ആദ്യം അമേരിക്കൻ ഓഹരി വിപണിയിലും പിന്നെ സൈബർ സ്പെയ്സിലും പ്രതിഫലിച്ചു. അന്ന് ആൽഫബെറ്റിന്റെ ഓഹരി 12 ശതമാനം വരെയാണ് ഇടിഞ്ഞത്. പിന്നാലെ ഗൂഗിൾ ബാർഡ് തിടുക്കപ്പെട്ട് അവതരിപ്പിക്കുന്നതിനിടെ കടന്നു കൂടിയ വലിയ തെറ്റ് അവർക്ക് വീണ്ടും തിരിച്ചടിയാകുകയും ചെയ്തു.

സിമിലർവെബ് പുറത്തുവിട്ട കണക്കുപ്രകാരം ചാറ്റ് ജി.പി.ടി. വിപ്ലവത്തിനുശേഷം ബിൻ സെർച്ച് ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ (പേജ് വിസിറ്റ്) 15.8 ശതമാനം വർധനയാണുണ്ടായത്. ഗൂഗിൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ ഒരു ശതമാനം പേരുടെ കുറവുണ്ടാകുകയും ചെയ്തു. ബിങ് ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ എട്ടിരട്ടി വർധനയുണ്ടായപ്പോൾ ഗൂഗിൾ സെർച്ച് ആപ്പിന് രണ്ടുശതമാനം ഇടിവ് സംഭവിച്ചു. 500 ബില്യൺ ഡോളറിനപ്പുറം വരുന്ന ലോകത്താകമാനമുള്ള ഡിജിറ്റൽ മാർക്കറ്റിന്റെ 40 ശതമാനവും സെർച്ച് സംവിധാനങ്ങളുമായി ബന്ധപ്പെട്ട പരസ്യവരുമാനമാണ്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 200 ബില്യൺ കോടിയോളം വരുന്ന സെർച്ച് അഡ്വർട്ടൈസിങ് വരുമാനത്തിൽ 163 ബില്യൺ ഡോളറും ലഭിച്ചത് ഗൂഗിളിന് മാത്രമാണ്. ഗൂഗിളിന്റെ മാതൃസ്ഥാപനമായ ആൽഫബെറ്റിന്റെ ആകെ വരുമാനത്തിന്റെ 60 ശതമാനവും ഇങ്ങനെ സെർച്ച് മേഖലയിലെ പരസ്യവരുമാനമാണ്.

അതുകൊണ്ടുതന്നെ ഗൂഗിൾ സെർച്ച് എൻഞ്ചിന് നേരിടുന്ന ഒരു ചെറിയ തിരിച്ചടിപോലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണുണ്ടാക്കുക.

**മായികലോകത്തെ പുതിയ തന്ത്രങ്ങൾ**

സ്വന്തമായി ഉള്ളടക്കം നിർമിക്കുന്ന ജനറേറ്റീവ് എ.ഐ. (Generative AI) ചാറ്റ്ബോട്ടുകൾക്ക് കൂടുതൽ കംപ്യൂട്ടർ കരുത്തും അനുബന്ധ സംവിധാനങ്ങളും ആവശ്യമാണ് എന്നതുകൊണ്ടുതന്നെ ചെലവും കൂടുതലാണ് ചാറ്റ് ജി.പി.ടി. ആവിഷ്കരിച്ചപ്പോൾ അത് വലിയ ചർച്ചയാകുകയും പുതിയ ഡേറ്റ ഉപയോഗിച്ചുള്ള ചാറ്റ് ജി.പി.ടി. പ്ലസിന് ഓപ്പൺ എ.ഐ. പ്രതിമാസം 20 ഡോളർ ഫീസ് ഏർപ്പെടുത്തുകയും ചെയ്തത് അതുകൊണ്ടാണ്. അതേ സംവിധാനമാണ് ബിങ്ങും ഗൂഗിളും സൗജന്യമായി നൽകുന്നത് എന്നോർക്കണം. ഗൂഗിൾ നിലവിലെ സെർച്ചിൽ നിന്നും നാച്ചറൽ ലാംഗ്വേജ് ഉപയോഗിക്കുന്ന പുതിയ തലത്തിലേക്ക് മാറുമ്പോൾ അഞ്ചിരട്ടി ചെലവു വർധനയുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. അതനുസരിച്ച് നിലവിലുള്ള പത്തുശതമാനം പേർ പുതിയ രീതി തിരഞ്ഞെടുത്താൽ അധികച്ചെലവ് 1.2 ബില്യൺ ഡോളറും പകുതിപ്പേരാകുമ്പോൾ അത് ആറ് ബില്യൺ ഡോളറും വരുമെന്നാണ് മോർഗൻ സ്റ്റാൻലി അനലിസ്റ്റുകൾ നടത്തിയ പഠനം വെളിപ്പെടുത്തുന്നത്.

ഉപയോക്താക്കൾ ചാറ്റിന് പിന്നാലെ പോകുമ്പോൾ വെബ്പേജുകളിൽ ഉപയോക്താക്കൾ നേരിട്ട് പോകുന്നത് കുറയുന്നതോടെ പരസ്യ വരുമാനത്തിലും ഇടിവുണ്ടാകും. ചെലവു കൂടുന്നതും വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതും ആൽഫബെറ്റിനെ പുതിയ തന്ത്രങ്ങൾ മെനയാൻ നിർബന്ധിതരാക്കും.

**മേൽക്കൈ മൈക്രോസോഫ്റ്റിന്**

ചാറ്റ് ജി.പി.ടി.യുടെ നിർമാതാക്കളായ ഓപ്പൺ എ.ഐ. സ്റ്റാർട്ടപ്പിന് വളരാൻ ആദ്യം 100 കോടി ഡോളറും വളർന്നു എന്നുറപ്പായപ്പോൾ 1000 കോടി ഡോളറും നൽകിയ മൈക്രോസോഫ്റ്റിന്റെ കൈപ്പിടിയിലാണ് ഇന്ന് ചാറ്റ് ജി.പി.ടി. ചാറ്റ് ജി.പി.ടി. ബഹുദൂരം മുന്നേറുമ്പോൾ ഗൂഗിൾ ബാർഡ് ഇപ്പോഴും പരീക്ഷണ ഘട്ടം പിന്നിട്ട് പൂർണമായും രംഗത്തിറങ്ങിയിട്ടില്ല. അതു കൊണ്ടുതന്നെ വിപണിയിൽ ആദ്യത്തേതെന്ന ഗുണം മൈക്രോസോഫ്റ്റിന്റെ ബിങ്ങിന്റെ ചാറ്റ് ജി.പി.ടി. പതിപ്പിനുണ്ട്. ലോകത്തെ പേഴ്സണൽ കംപ്യൂട്ടർ ഉപയോക്താക്കളിൽ ബഹു ഭൂരിപക്ഷവും ഉപയോഗിക്കുന്ന മൈക്രോസോഫ്റ്റ് വിൻഡോസിന്റെ ഭാഗമായ എഡ്ജ് (EDGE) ബ്രൗസറിലും പുതിയ പതിപ്പിൽ ചാറ്റ് ജി.പി.ടി. (Discover) ചാറ്റ്ബോട്ട് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതും അവർക്ക് വലിയ മുൻതൂക്കം നൽകുന്നു. വലിയ കംപ്യൂട്ടിങ് പവറും സ്റ്റോറേജ് സിസ്റ്റങ്ങളും വെബ്ക്രോളിങ്

പോലെ ഇന്റർനെറ്റ് ടെക്നോളജിയും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ കൈമുതലായുള്ള മൈക്രോസോഫ്റ്റിന് ചാറ്റ് ജി.പി.ടി.യുടെ ശക്തികൂടി കൈയിൽ ലഭിക്കുമ്പോൾ കരുത്തു കൂടുന്നത് സ്വാഭാവികം. പേഴ്സണൽ കംപ്യൂട്ടറും ഇന്റർനെറ്റും പോലെ ലോകത്തെ സുപ്രധാനമായ കണ്ടുപിടിത്തങ്ങളിലൊന്നാണ് ചാറ്റ് ജി.പി.ടി. എന്നു പറഞ്ഞത് മൈക്രോ സോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സാണ്. എല്ലാ സോഫ്റ്റ്വെയർ മേഖലയെയും ചാറ്റ് ജി.പി.ടി. അടിമുടി മാറ്റിക്കളയുമെന്ന് അതേ മൈക്രോ സോഫ്റ്റിന്റെ സി.ഇ.ഒ. സത്യ നാദല്ലെയും പറഞ്ഞതും ഇവിടെ ചേർത്തുവായിക്കണം.

**അസത്യപ്രചാരണ കേന്ദ്രങ്ങൾ**

ചാറ്റ് ജി.പി.ടി.യും ബാർഡുമെല്ലാം വ്യാജവാർത്താ നിർമാതാക്കളായി പരിണമിക്കുമെന്നും അമേരിക്ക നയിക്കുന്ന ആഗോള കുത്തകകളുടെ ആശയ പ്രചാരണ വേദിയായി തീരുമെന്നും വാദിക്കുന്ന ഒട്ടേറെ രാജ്യങ്ങളുണ്ട്. (ഡീപ്പ് ഫെയ്ക്ക് എന്ന എ.ഐ. പ്രോഗ്രാം അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ വ്യാജ വീഡിയോവരെ സൃഷ്ടിച്ച് വിവാദപ്രസ്താവന നടത്തിയ സംഭവം ഇവിടെ ഓർക്കണം). ഈ കാരണം പറഞ്ഞ് ചാറ്റ് ജി.പി.ടി.-ക്ക് നിരോധനം ഏർപ്പെടുത്തിയ ചൈന സ്വന്തം സെർച്ച് എൻജിനായ ബൈഡുവിൽ പുതിയ എ.ഐ. ചാറ്റ് സംവിധാനം കൊണ്ടുവരാനുള്ള ഒരുക്കത്തിലാണ്. റഷ്യയും ഉത്തര കൊറിയയും അതേ ആക്ഷേപം ഉന്നയിച്ച് ചാറ്റ് ജി.ടി.പി. നിരോധിച്ചു കഴിഞ്ഞു. ഇന്റർനെറ്റ് സെൻസർഷിപ്പ് ശക്തമായ ഇറാനും ക്യൂബയും സിറിയയുമാണ് ചാറ്റ് ജി.പി.ടി.ക്കെതിരേ വന്ന മറ്റ് പ്രധാന രാജ്യങ്ങൾ.

മനുഷ്യൻ സ്വന്തം ബുദ്ധിശക്തിയും യുക്തിയും അനുഭവജ്ഞാനവും ഉപയോഗിച്ച് നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്തുന്ന വിവരങ്ങളുടെ വിശ്വാസ്യത നിർമ്മിതബുദ്ധി കേന്ദ്രങ്ങൾ തരുന്ന ഉള്ളടക്കത്തിന് ഉണ്ടാവണമെന്ന് നമുക്ക് വാശി പിടിക്കാനാവില്ല. ചാറ്റ് ജി.പി.ടി.ക്ക് സത്യാവസ്ഥയോട് ഒരു പ്രതിബദ്ധതയുമുണ്ടാവേണ്ട കാര്യവുമില്ല. അതുകൊണ്ടാണ് ഇത്തരം ചാറ്റ്ബോട്ടുകൾ അസത്യങ്ങളുടെയും അർധസത്യങ്ങളുടെയും പ്രചാരണത്തിന്റെ സ്രോതസ്സായി തീരുമെന്ന് പറയുന്നത്. 2016-ൽ ഏതാണ്ട് ഇതേ വഴി സഞ്ചരിച്ച മൈക്രോസോഫ്റ്റിന്റെ തന്നെ ടേയ് (tay) എന്ന നിർമിതബുദ്ധി സേവനംതന്നെ അതിന് വലിയ ഉദാഹരണമാണ്. ഹിറ്റ്ലറാണ് ശരിയെന്നും ജൂതന്മാരാണ് സെപ്റ്റംബർ 11 ഭീകരാക്രമണം നടത്തിയതെന്നും മറ്റും ട്വീറ്റ് ചെയ്തതോടെ മണിക്കൂറുകൾക്കുള്ളിലാണ് പിൻവലിക്കേണ്ടിവന്നത്. മെറ്റയുടെ എ.ഐ. ചാറ്റ്ബോട്ടായ ബ്ലണ്ടർബോട്ട് -3-ക്കും ഇതേ ഗതി വന്നതാണ്. അതുകൊണ്ടൊക്കെയാവണം

ചാറ്റ് ജി.പി.ടി.യും ബാർഡും പുറത്തിറക്കിയപ്പോൾ ഇരുവരും ഉള്ളടക്കത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത്.

**ചെറുതല്ല ഭീഷണികൾ**

മനുഷ്യന് ബുദ്ധിയുപയോഗിച്ച് ചെയ്യാവുന്ന എന്തുകാര്യവും അതുപോലെ ചെയ്യാൻ കഴിയുന്ന സാങ്കേതികവിദ്യ എന്ന സങ്കല്പമാണ് ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് (അഏക) എന്നറിയപ്പെടുന്നത്. ജി.പി.ടി.-4 പതിപ്പുകൂടി പുറത്തുവന്നതോടെ മനുഷ്യവംശത്തിന് തന്നെ ഭീഷണിയാകുന്ന തരത്തിലേക്കാണ് ഗവേഷണങ്ങൾ പോകുന്നത് എന്ന ചിന്ത വ്യാപകമാണ്. ഈ ആശയം മുൻനിർത്തിയാണ് ഇത്തരം ഗവേഷണവും വികസനവും സമൂഹത്തിനും മനുഷ്യത്വത്തിനും എതിരാണെന്നുകാണിച്ച് ശതകോടീശ്വരൻ ഇലോൺ മസ്കും സ്റ്റബിലിറ്റി എ.ഐ. സി.ഇ.ഒ. എമാദ് മോസ്താഖും ആപ്പിൾ കോ-ഫൗണ്ടർ, സ്റ്റീവ് വോസ്നിക്കും അടക്കം ആയിരത്തിലധികംപേർ പൊതുഹർജിയുമായി രംഗത്തുവന്നത്. മനുഷ്യന്റെ നൈസർഗികമായ കഴിവിനുമേൽ സാങ്കേതികവിദ്യ ആധിപത്യം സ്ഥാപിക്കാൻ സാധ്യതയുള്ള മേഖലയായതുകൊണ്ടു തന്നെ ബന്ധപ്പെട്ട എല്ലാ പുതിയ ഗവേഷണങ്ങളും വലിയ ചർച്ചകൾക്കു ശേഷം മാത്രമേ നിർവഹിക്കാവൂ എന്നാണ് അവരുടെ വാദം. കാലാവസ്ഥാ വ്യതിയാനത്തെക്കാൾ വലുതാണ് നിർമ്മിത ബുദ്ധി സൃഷ്ടിക്കുന്ന ഭീഷണി എന്ന എ.ഐ. ഗോഡ്ഫാദർ ജഫ്രി ഹിന്റണിന്റെ അഭിപ്രായം ഇതോട് ചേർത്തുവായിക്കണം.

**മാതൃഭൂമി,**
**24 മേയ്, 2023.**

# Kudumbashree Is At a Crossroads

S. Anandan

*Twenty-five years since its inception, the mission faces some challenges*

It was the people's planning movement in Kerala that laid the ground for the idea of fostering self-supporting women's groups as a means to eradicate poverty. In 1998, under the E.K. Nayanar led government, the State Poverty Eradication Mission was launched with the aim of empowering poor women financially and socially. A year later, it was renamed Kudumbashree Mission and began to function under the local self-government department.

But the mission was more than the scaling up of an experiment with thrift and credit societies - small community based self-help groups of women in Alappuzha and Malappuram districts. The informal banking system with microfinancing at its core got a fillip with NABARD chipping in with support, paving the way for other financial institutions to follow suit. The three tier structure with neighbourhood groups called Ayalkoottams having 10 to 20 women from as many families forming the lowest rung and the local body-level community development societies as its top layer gave Kudumbashree some autonomy even as it worked with local bodies.

From a mere credit programme, Kudumbashree became a multifaceted entity with footprints in all spheres of society. It promoted self-employment. entrepreneurship, skilling mainly for the service industry, extended critical gender support and helped mainstream the differently abled and marginalised sections. At least 20 States roped in kudumbashree to replicate the model of linking community organisations with their local governments.

In Kerala, Kudumbashree has touched people's lives through community restaurants, branded products in stores and on e-commerce platforms, micro and small scale industries, Haritha Karma Sena volunteers who collect non-biodegradable waste from households for disposal, Snehitha gender helpdesk and gender resource centres, e- service centres, all-women construction sites, and the workforce for the animal birth control programme for regulating the population of community dogs. It's the nodal agency for a slew of Central, State schemes. The successes came along with setbacks in traditionally male-dominated areas such as operating bus services, 'She Taxis' and the Mahila Mall in Kozhikode. As the implementing agency for the Deen

Dayal Upadhyaya Grameen Kaushalya Yojana, Kudumbashree gave vocational training to some 62,000 people and placement for over 44,000.

If the flourishing of the Panchayati Raj Institutions as instruments of decentralised planning spawned an ecosystem that allowed Kudumbashree to push the envelope, equal representation for women in local bodies lent them political visibility. Women constitute 54% of Kerala's 21900 local body members, about 70% of these women are from Kudumbashree. The programme has over 46 lakh members, with another five lakh forming part of the auxiliary groups launched two years ago. The overall thrift deposit of the members stands above ₹ 8,000 crore. If just one woman from a family is allowed to be a neighbourhood group member, auxiliary groups are meant to bring on board the new generation of women aged between 18 and 40 years who are far more skilled, educated and employable than their forebears.

At 25, Kudumbashree is at a crossroads, as it now has to address the aspirations of the new generation in a tech-driven world. Thanks to allround efforts, only 0.64% of the population in Kerala is categorised under extreme poverty and mitigation measures to help them out of it are already underway. It's against this backdrop that Kudumbashree is focusing on skilling educated members of the auxiliary groups so that they take up employment or start enterprises. While it has launched over 26,000 enterprises under the Start-up Village Entrepreneurship Programme, a sub component of the National Rural Livelihood Mission, just a few are noteworthy.

Also, criticism is rife that a majority of the 1.08 lakh micro enterprises facilitated by Kudumbashree stick to the gendered vocations of women. For the auxiliary groups to be productive, women should have more time for themselves. For that, a prerequisite would be setting up ward-level day care centres and day homes for the elderly. A deeper social change would be required to progress from mere victim protection in cases of gender violence to an uncompromising assertion of rights.

**The Hindu,**
**29th May, 2023.**

# വിയർക്കുന്ന ഭൂമി

ഡോ. സി.പി. രാജേന്ദ്രൻ

*43 ശതമാനം ഹരിതവാതകഉദ്വമനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കുറയ്ക്കാൻ സാധിച്ചില്ലെങ്കിൽ നമ്മെയൊക്കെ കാത്തിരിക്കുന്നത് കൊടുംചൂടിന്റെ നാളുകളാണ്.*

ഇപ്പോൾ പുറത്തുവരുന്ന കാലാവസ്ഥാ വാർത്തകളിൽ അന്താരാഷ്ട്രതലത്തിൽത്തന്നെ നിറഞ്ഞുനിൽക്കുന്ന രണ്ടു താരങ്ങൾ ഉണ്ട്. ഒരുതാരം എൽ നിനൊ (El nino) രണ്ടാമത്തേത് അറിയപ്പെടുന്നത് ലാ നിന (Lun Ninn) എന്ന പേരിലാണ്. ആദ്യം സൂചിപ്പിച്ച പേര് ആൺകുട്ടിയെന്നോ ഉണ്ണിയേശുവെന്നോ ആണ് സ്പാനിഷ് ഭാഷയിൽ അർഥമാക്കുന്നത്. രണ്ടാമത്തേത് ചെറിയ പെൺകുട്ടി എന്നും അർത്ഥമാക്കുന്നു. അതിലേക്കു വിശദമായി കടക്കുന്നതിനുമുൻപ് അതിനോടനുബന്ധിച്ച പശ്ചാത്തലം കൂടി അറിയേണ്ടതുണ്ട്.

**കാറ്റുകൾ വിതയ്ക്കുന്നത്**

വ്യാപാരക്കാറ്റുകൾ (Trade winds) എന്നറിയപ്പെടുന്ന കടൽ വാതങ്ങൾ ഭൂമധ്യരേഖയ്ക്കു സമാന്തരമായി തെക്കേ അമേരിക്കയുടെ ഭാഗത്തുള്ള പസഫിക് സമുദ്രത്തിൽനിന്ന് ഏഷ്യൻ ഭാഗത്തേക്ക് സാധാരണ സമയങ്ങളിൽ ഉഷ്ണ ജലത്തെയും വലിച്ചുകൊണ്ടു വീശിക്കൊണ്ടിരിക്കുന്നുണ്ട്. തെക്കേ അമേരിക്കയുടെ ഭാഗത്തുനിന്ന് വരുന്ന ഈ വാണിജ്യവാതം ഏഷ്യയുടെ ഭാഗത്തെത്തുമ്പോൾ അവിടത്തെ കടലിന്റെ ഉപരിഭാഗത്തുള്ള ജലത്തെ തള്ളിമാറ്റുകയും അടിഭാഗത്തുള്ള പുഷ്ടിപ്രദവും സാന്ദ്രത കൂടുതലുള്ളതുമായ തണുത്ത ജലത്തെ മുകളിലേക്കുയർന്നുവരാൻ സഹായിക്കുകയും ചെയ്യുന്നു. 'അപ്‌വെല്ലിങ്' (upwelling) എന്ന ഈ പ്രക്രിയ കടലിലെ ജീവജാലങ്ങളെ സംബന്ധിച്ചിടത്തോളം അതിജീവനത്തിനുള്ള പ്രധാന ഉപാധിയാണ്.

സമുദ്രമേഖലയിലെ ഇത്തരം സ്വാഭാവിക പ്രക്രിയകൾക്കു ഭംഗം വരുത്തുന്ന എതിർ പ്രവർത്തനങ്ങളും പ്രകൃതിയിൽ സംഭവിക്കാറുണ്ട്. ചില പ്രത്യേക കാലങ്ങളിൽ അന്തരീക്ഷത്തിലെ ഊഷ്മാവിൽ വരുന്ന പ്രകടമായ മാറ്റങ്ങളുടെ ഭാഗമായി തെക്കേ അമേരിക്കയുടെ ഭാഗത്തുള്ള പസഫിക് സമുദ്രത്തിൽ ജലം അമിതമായി ചൂടു പിടിക്കുകയോ, തണുക്കുകയോ ചെയ്യാറുണ്ട്. ശാസ്ത്രഭാഷയിൽ പറഞ്ഞാൽ തെക്കേ ആന്ദോളനത്തിന്റെ (southern oscillation) ഭാഗമായിട്ടാണ് പസഫിക് സമുദ്രത്തിലെ ജലം അമിതമായി ചൂടുപിടിക്കുകയോ, തണുക്കുകയോ ചെയ്യുന്നത്. അതിന്റെ ഫലമായി ഉഷ്ണജല പ്രവാഹമുണ്ടാകുകയാണെങ്കിൽ അതിനെ എൽ നിനോ എന്നും തണുത്ത ജലപ്രവാഹം എന്ന പ്രതിഭാസമാണുണ്ടാകുകയെങ്കിൽ അതിന് ലാ നിന എന്നുമുള്ള പേരുകൾ കൊടുത്തിരിക്കുന്നു.

എൽ നിനൊ, ലാ നിന എന്നീ പ്രതിഭാസങ്ങൾ എപ്പോഴും സംഭവിക്കുന്നതല്ല. ചില പ്രത്യേക കാലത്താണ് ഇവ പ്രത്യക്ഷമാകുന്നത്. എൽ നിനൊ പ്രതിഭാസം ഒരു

പസഫിക് ജെറ്റ് തരംഗം ഉണ്ടാക്കുകയും ആ ജലപ്രവാഹത്തെ ലോകത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രവാഹത്തിന് അതതു പ്രദേശങ്ങളിലെ ഭൗമ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ വരൾച്ചയോ, വർഷപാതരൂക്ഷതയോ ഉണ്ടാക്കാൻ പ്രാപ്തിയുണ്ട്. എന്നാൽ, ലാ നിന പ്രതിഭാസം ഉണ്ടാകുന്ന കാലഘട്ടങ്ങളിൽ കാര്യങ്ങൾ നേരെ തകിടം മറിയുന്നു. ആ കാലത്ത് പസഫിക് സമുദ്രത്തിൽ തണുത്ത ജലതരംഗങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നു. ലോകത്തിന്റെ പലഭാഗത്തും പ്രാദേശിക പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അഭൂത പൂർവമായ വരൾച്ചയ്ക്കോ, വെള്ളപ്പൊക്കത്തിനോ ഈ പ്രവാഹം കാരണമാകുന്നു.

കാലാവസ്ഥാ ശാസ്ത്രജ്ഞരുടെ പ്രവചനമനുസരിച്ച് ഇപ്പോൾ മധ്യ പസഫിക് സമുദ്രം ചൂടുപിടിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ പ്രവണത തുടരുകയും ശരാശരിയിൽനിന്ന് 0.5 ഡിഗ്രി സെൽഷ്യസ് വർധനയുണ്ടാകുകയും ചെയ്താൽ അത് എൽ നിനൊ പ്രതിഭാസമായി മാറും. ലോകത്തിന്റെ പലഭാഗത്തും ഈ പ്രതിഭാസത്തിന്റെ ഫലമായി കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് തീവ്രത അനുഭവപ്പെടും. അത് വരൾച്ചയ്ക്കോ അതിവൃഷ്ടിക്കോ കാരണമാകും. ഇന്ത്യയിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ വൃഷ്ടി തുടങ്ങുന്ന കാലത്തുതന്നെയാവും എൽ നിനോ പ്രതിഭാസത്തിന്റെ സ്വാധീനവും ആരംഭിക്കുന്നതെന്ന് കരുതപ്പെടുന്നു.

**എൽ നിനൊ സ്വാധീനം**

ഇന്ത്യയുൾപ്പെടെ തെക്കനേഷ്യയിൽ പൊതുവേ സാധാരണയിൽനിന്നു താഴെയായിരിക്കും മഴയുടെ തോതെന്നും കാലാവസ്ഥാ ശാസ്ത്രജ്ഞർ അനുമാനിക്കുന്നു. മുൻകാലങ്ങളിൽ പലപ്പോഴും എൽ നിനൊ ഉണ്ടായപ്പോഴെല്ലാം ഇന്ത്യയുടെ പലഭാഗത്തും വരൾച്ചയോ അതിവൃഷ്ടിയോ ഉണ്ടായിട്ടുണ്ടെന്നതും വസ്തുതാപരമായി ശരിയാണ്. ഉദാഹരണത്തിന് കേരളത്തിൽ 2018-ലെ അതിവൃഷ്ടിയും വെള്ളപ്പൊക്കവും അന്നുണ്ടായിരുന്ന എൽ നിനൊ പ്രതിഭാസത്തിന്റ ഭാഗമായി സംഭവിച്ചതാണ്. എന്നാൽ, എപ്പോഴും ഇത് അതിവൃഷ്ടിക്ക് കാരണമാകണമെന്നില്ല. ഇന്ത്യയുടെ പലഭാഗങ്ങളിലും ഈ കാലഘട്ടങ്ങളിൽ രൂക്ഷമായ വരൾച്ചയും അനുഭവപ്പെട്ടിട്ടുണ്ട്. അതുപോലെ തെക്കേഅമേരിക്കയുടെ തെക്കുഭാഗങ്ങളിലും ആഫ്രിക്കയുടെ വടക്കും മധ്യേഷ്യയിലും എൻ നിനൊ കാലഘട്ടങ്ങളിൽ അതിവൃഷ്ടിയും വെള്ളപ്പൊക്കവുമാണ് അനുഭവപ്പെട്ടിട്ടുള്ളത്. ഇന്ത്യൻ കാലാവസ്ഥാവകുപ്പിന്റെ അഭിപ്രായമനുസരിച്ച് ഇത്തവണ ഇന്ത്യയുടെ പലഭാഗങ്ങളിലും സാധാരണയിൽ കവിഞ്ഞുള്ള മഴയ്ക്കുള്ള സാധ്യതയാണ് കാണുന്നത്. മധ്യ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും മഴയുടെ തോത് കുറയാനും സാധ്യതയുണ്ട്. എന്തായാലും ഈ പ്രവചനങ്ങളെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. നമ്മുടെ കടലുകളിലുള്ള ജലത്തിന്റെ പ്രവാഹങ്ങളുടെ പ്രത്യേകതകളും താപനിലയും ഇത്തരം അനുമാനങ്ങളെ എത്ര മാത്രം സ്വാധീനിക്കുന്നു എന്ന് വ്യക്തമല്ല.

**പ്രവചനങ്ങൾ സൂക്ഷ്മമോ**

എൽ നിനൊ എന്നു പറയുന്ന ആഗോള പ്രതിഭാസം പ്രാദേശിക കാലാവസ്ഥാ ഘടകങ്ങളുമായുള്ള കൂടിച്ചേരലുകളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നു എന്ന കാര്യത്തിൽ ഒരു സമവായം ഇപ്പോൾ സാധ്യമല്ല. കലാവസ്ഥാ പ്രവചനങ്ങൾക്ക് ഉപയോഗിക്കുന്ന കംപ്യൂട്ടർ മോഡലുകളിൽനിന്ന് പുറത്തുവരുന്ന ഉത്തരങ്ങൾ നാം കൊടുക്കുന്ന നിർദിഷ്ടഗണിത വാക്യങ്ങൾ അനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഫലമെന്തായിരുന്നാലും തങ്ങളുടെ പ്രവചനങ്ങളിൽ ഉറച്ചുനിൽക്കുന്ന ശാസ്ത്രജ്ഞരുമുണ്ട്. വർഷങ്ങൾക്കുമുമ്പ് ഞാനൊരു ശാസ്ത്രസമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഒരു പ്രബന്ധാവതരണത്തിനുശേഷമുള്ള ചോദ്യോത്തര വേളയിൽ നടന്ന സംഭാഷണം ഇവിടെ പ്രസക്തമാണ്. എന്തുകൊണ്ടാണ് മഴയുണ്ടാകുമെന്ന മോഡലിനെ ആശ്രയിച്ചുള്ള പ്രവചനം തെറ്റിയതെന്ന ചോദ്യത്തിന് ശാസ്ത്രജ്ഞൻ മറുപടി പറഞ്ഞതിങ്ങനെയാണ്: പ്രവചനമല്ല, പരാജയപ്പെട്ടത്, മൺസൂൺ ആണ് (model did not fail, but monsoon did).

എന്തായാലും എൽ നിനൊയുടെ സ്വാധീനം ഇന്ത്യൻ മഹാസമുദ്രത്തിൽ എത്രത്തോളമാകുമെന്നതിന് ജൂൺ കഴിഞ്ഞുള്ള മാസങ്ങളിൽ മാത്രമേ വ്യക്തത കൈവരുകയുള്ളൂ. എൽ നിനൊ പ്രതിഭാസത്തിന്റെ ആദ്യലക്ഷണങ്ങൾ പസഫിക് സമുദ്രം കാണിച്ചുതുടങ്ങി എന്നുതന്നെയാണ് സെന്റിനൽ ഉപഗ്രഹം വഴിയുള്ള നിരീക്ഷണങ്ങൾ വെളിവാക്കുന്നത്. ലോക കാലാവസ്ഥ സംഘടനയുടെ ചില അഭിപ്രായങ്ങളും ഇവിടെ പ്രസക്തമാണ്. വർഷങ്ങളോളം നീണ്ടുനിൽക്കുന്ന ഒരു പ്രകൃതിപ്രതിഭാസമായ എൽ നിനൊയെ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭാഗമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽക്കൂടി വേണം കാണാൻ എന്നാണ് അവർ പറയുന്നത്.

**കാലാവസ്ഥയും മനുഷ്യനും**

കഴിഞ്ഞ കുറെ വർഷങ്ങളായി ലോകം ലാ നിനയുടെ സ്വാധീനത്തിലായിരുന്നു. ശീതളമായ ആ സ്വാധീനം ഒരു പരിധിവരെ ആഗോളതാപനത്തിന്റെ ക്രമാതീതമായ വർധനയെ തടഞ്ഞിട്ടുണ്ടെന്ന് അനുമാനിക്കപ്പെടുന്നു. ലാ നിനയുടെ ഒടുക്കം എൽ നിനൊയുടെ തുടക്കമായി മാറുന്ന സാഹചര്യമാണ് ഇപ്പോൾ നാം നേരിടുന്നത്. അടുത്ത അഞ്ചുവർഷത്തിൽ ചിലപ്പോഴെങ്കിലും ലോകത്തിന്റെ പല ഭാഗങ്ങളും കൊടും ചൂടിനാൽ വീർപ്പുമുട്ടേണ്ടി വരുമെന്നാണ് കരുതേണ്ടത്. അതിപ്പോഴത്തെക്കാൾ 1.5 ഡിഗ്രി കൂടുതൽ ആകാൻ സാധ്യതയുണ്ട്. അത്തരമൊരു സാഹചര്യം ഏതൊക്കെ തരത്തിൽ മനുഷ്യാരോഗ്യത്തെയും ഭക്ഷ്യസുരക്ഷിതത്വത്തെയും ജലലഭ്യതയെയും പരിസ്ഥിതിയെയും ബാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

2015-ൽ പാരീസിൽ നടന്ന ലോക രാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ അന്തരീക്ഷ താപനത്തിലുള്ള 2.5 ഡിഗ്രി വർധന 2030 ആകുമ്പോഴേക്ക് താഴേക്ക് കൊണ്ടുവരാമെന്നു തീരുമാനമെടുത്തതാണ്. എന്നാൽ, ഈ ലക്ഷ്യത്തിലേക്ക് എത്തുമെന്ന് വിശ്വസിക്കാൻ ന്യായമായ കാര്യങ്ങളില്ല. ഇത്തരം സമ്മേളനങ്ങളിൽ നടക്കുന്ന രാഷ്ട്രനേതാക്കളുടെ വാചാടോപത്തിനപ്പുറത്ത് ആത്മാർഥമായ ശ്രമങ്ങളൊന്നും തന്നെ ഹരിതവാതകങ്ങൾ ക്രമാതീതമായി

പുറന്തള്ളുന്ന പല രാജ്യങ്ങളും നടപ്പാക്കുന്നില്ല എന്നതാണ് വാസ്തവം. ആഗോളതാപനവർധനയുടെ ഭാഗമായി ആർട്ടിക്, അന്റാർട്ടിക് മേഖലകളിലുള്ള മഞ്ഞുപാളികൾ അതിവേഗം ഉരുകി ത്തകർന്ന് കടലിൽ ചേരുന്നതും അത് ഏതൊക്കെ രീതിയിൽ ജലപ്രവാഹത്തെ ബാധിക്കുമെന്നതിലുള്ള അനിശ്ചിതത്വവും ഉത്കണ്ഠയ്ക്കുള്ള മറ്റൊരു കാരണം കൂടിയാണ്. ദുബായിൽ വരുന്ന ഡിസംബറിൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഉച്ചകോടിയിൽ ഇത്തരം കാര്യങ്ങൾ വീണ്ടും ചർച്ച ചെയ്യപ്പെടും. ഏതാണ്ട് 43 ശതമാനം ഹരിതവാതക ഉദ്വമനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കുറയ്ക്കാൻ സാധിച്ചില്ലെങ്കിൽ നമ്മെയൊക്കെ കാത്തിരിക്കുന്നത് കൊടുംചൂടിന്റെ നാളുകളാണ്.

*(ഡോ. സി.പി. രാജേന്ദ്രൻ, ബെംഗളൂരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ പ്രൊഫസറായ ലേഖകൻ അമേരിക്കയിലെ കണക്റ്റികട്ടിലുള്ള കൺസോർഷ്യം ഫോർ സസ്റ്റെയ്നബിൾ ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്.)*

**മാതൃഭൂമി,**
**30 മേയ്, 2023.**

ഛഛഛ

# പ്ലാസ്റ്റിക് മാനവരാശിയുടെ പുതിയ മഹാമാരി

സി. സുശാന്ത്

*ലോകത്തെ ഒരു വർഷത്തെ പ്ലാസ്റ്റിക് ഉല്പാദനം 400 മില്യൺ ടൺ എന്നാണ് കണക്ക്. അതിൽതന്നെ പകുതിയിലേറെ ഒറ്റ ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ്. ജൈവ പദാർത്ഥങ്ങൾ മണ്ണോടു ചേരുമ്പോൾ അജൈവ പദാർത്ഥമായ പ്ലാസ്റ്റിക് നശിക്കാതെ വിഘടിച്ച് കൂടുതൽ വിനാശകരമായി തീരുന്നു. ഒരു വർഷം ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് 19 ടൺ മുതൽ 23 ടൺ വരെ തടാകങ്ങളിലും ജലാശയങ്ങളിലും പുഴകളിലും സമുദ്രങ്ങളിലും വന്നടിയുന്നു എന്നാണ് ഏകദേശ കണക്ക്.*

കടുത്ത കാലാവസ്ഥ വ്യതിയാനവും കുതിച്ചുയരുന്ന അന്തരീക്ഷ താപമാനവും കാലം തെറ്റി എത്തുന്ന പേമാരിയും പ്രളയവും ചക്രവാതച്ചുഴിയുമൊക്ക ജൈവമണ്ഡലത്തിനും ജൈവ വൈവിദ്ധ്യത്തിനും ഭീഷണി ഉയർത്തുന്ന ഒരു കാലഘട്ടമാണിത്. ഈ ഭീഷണികളെ എങ്ങനെ നേരിടണം എന്ന ആകുലതകളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ്, മറ്റൊരു മഹാവിപത്തായി പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരം ജൈവവൈവിധ്യത്തെ ശ്വാസം മുട്ടിക്കുന്നത്. നിത്യേന നാം ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് പരിസ്ഥിതിക്കും ജൈവവൈവിധ്യത്തിനും ഏല്പിക്കുന്ന ക്ഷതം അത്ര നിസ്സാരമല്ല. പ്ലാസ്റ്റിക്കിനെ പിന്തുടർന്ന് തോൽപ്പിക്കുക എന്ന ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശം പ്ലാസ്റ്റിക് വിപത്തിനെതിരെയുള്ള ഒരു യുദ്ധപ്രഖ്യാപനമാണ്.

ഇതിനേക്കാൾ ആപത്കരമാണ് പ്ലാസ്റ്റിക്. ആ മാലിന്യങ്ങൾ കത്തിച്ച് അന്തരീക്ഷത്തെ മലിനമാക്കുന്നത്. സൂക്ഷ്മ പ്ലാസ്റ്റിക് (മൈക്രോ പ്ലാസ്റ്റിക്) കണികകൾ അന്തരീക്ഷത്തിൽ തങ്ങിനിന്ന് അത് ശ്വസിക്കുന്നവർക്ക് ശ്വാസകോശ ജന്യരോഗങ്ങളും കാൻസർ പോലുള്ള മാരകരോഗങ്ങളും ഉണ്ടാക്കുന്നു. അടുത്തിടെ ബ്രഹ്മപുരം മാലിന്യ പ്ലാന്റ് കത്തിയപ്പോൾ ആ പുക ശ്വസിച്ചവർക്ക് ഉണ്ടായ അസ്വസ്ഥതകൾ നാം നേരിട്ടറിഞ്ഞതാണ്. പ്ലാസ്റ്റിക് കത്തി അന്തരീക്ഷത്തിൽ പടരുന്ന സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ സൂക്ഷ്മ ജീവജാലങ്ങൾക്കും മറ്റു ജീവികൾക്കും ജൈവവൈവിദ്ധ്യത്തിനും എത്ര ആപത്തുണ്ടാക്കുന്നു എന്നതിന്റെ വ്യക്തമായ കണക്കുകൾ ഇനിയും ലഭ്യമായിട്ടില്ല. ശാസ്ത്ര പഠനങ്ങൾ നിരന്തരം നടത്തി അത് കണ്ടെത്തേണ്ടിയിരിക്കുന്നു.

### മൈക്രോ പ്ലാസ്റ്റിക് മാലിന്യം

മൈക്രോ പ്ലാസ്റ്റിക് എന്ന 5 മില്ലി മീറ്റർ പോലും വലിപ്പമില്ലാത്ത പ്ലാസ്റ്റിക് ധൂളികൾ അന്തരീക്ഷത്തിൽ പാറിനടന്നും കരയിലും ജലാശയങ്ങളിലും അടിഞ്ഞു കൂടിയും ജൈവവൈവിദ്ധ്യത്തിന് ഏറെ വിപത്തുണ്ടാക്കുന്നു. സൗന്ദര്യ സംവർദ്ധക വസ്തുക്കളിലും ഡിറ്റർജന്റ് സോപ്പ് കടകളുടെ കീഴാവരണമായി ഉപയോഗിക്കുന്ന നേർത്ത, പൊടിയുന്ന പ്ലാസ്റ്റിക് ലേപനവും ടൂത്ത് പേസ്റ്റിലുമൊക്കെ കലർന്നിരിക്കുന്ന മൈക്രോ പ്ലാസ്റ്റിക് കണികകൾ വാഷ്ബേസിനുകളിൽ നിന്നും പുറന്തള്ള പ്പെടുന്ന ജലത്തിലൂടെ പൊതു ജലയിടങ്ങളിലും നീർത്തടങ്ങളിലുമൊക്കെ എത്തുകയും അവിടെയുള്ള ജലജീവികൾക്കും മത്സ്യങ്ങൾക്കും, പക്ഷികൾക്കുമൊക്കെ ഭീഷണിയാകുന്നു. മൈക്രോ പ്ലാസ്റ്റിക് അകത്തുചെന്ന് വിവിധതരം അർബുദം ബാധിച്ച് മത്സ്യ ഇനങ്ങൾ ചത്തൊടുങ്ങുന്നു. സിന്തറ്റിക് തുണിത്തരങ്ങളിൽ അടങ്ങിയിരിക്കുന്ന പ്ലാസ്റ്റിക് വിഘടിച്ച് മൈക്രോ പ്ലാസ്റ്റിക്കായി പരിണമിച്ച് പരിസ്ഥിതിക്കുദോഷം ചെയ്യുന്നു.

ശുദ്ധജലാശയങ്ങളേയും ശുദ്ധജല സ്രോതസുകളേയും സമുദ്രങ്ങളേയും മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടാതെ ഏറെ മലിനമാക്കപ്പെടുന്നത് മൈക്രോപ്ലാസ്റ്റിക് നിമിത്തമാണ് എന്നാണ് പുതിയ കണ്ടെത്തൽ. ശുദ്ധജല സ്രോതസ്സുകളിൽ അടിയുന്ന മൈക്രോ പ്ലാസ്റ്റിക് മാലിന്യം നാലു മുതൽ പന്ത്രണ്ടു മില്യൺ ടൺ വരെയാണെന്നാണ് വാർഷിക കണക്ക്. 2018-ലെ കണക്കനുസരിച്ച് സമുദ്ര-ശുദ്ധജല ആവാസ വ്യവസ്ഥയിൽ 114 ഇനം ജലജീവികളിൽ അവയുടെ ദഹന വ്യവസ്ഥയിലും, കോശജാലത്തിലുമൊക്കെ മൈക്രോ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. മത്സ്യങ്ങൾ, പക്ഷികൾ എന്നിവ ജലോപരിതലത്തിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക് കഷണങ്ങളെ ആഹരിക്കാറുണ്ട്. ഇങ്ങനെ ആഹരിക്കുന്ന വയുടെ ദഹന പ്രക്രിയകൾ തടസ്സപ്പെടുകയോ തകരാറിലാവുകയോ ചെയ്യുകയും മരണപ്പെടുകയും ചെയ്യുന്നു.

കണക്കുകളും പഠനങ്ങളും ജൈവ വൈവിധ്യത്തിന് പ്ലാസ്റ്റിക് വിപത്തു മൂലമുണ്ടാകുന്ന ചില നേർക്കാഴ്ചകളിലൂടെ സഞ്ചരിക്കാം. വനാന്തരങ്ങളിലൂടെ യാത്ര ചെയ്താൽ നമ്മെ അമ്പരിപ്പിക്കുമാറ് സഞ്ചാരികൾ വലിച്ചെറിയുന്ന മാലിന്യ കൂമ്പാരങ്ങളുടെ നേർക്കാഴ്ചകളാകും വരവേൽക്കുക. പ്രധാന നദികളുടെ ഉത്ഭവങ്ങളിലെ തെളിനീരുറവകളിലും ഉൾവനങ്ങളിൽ പോലും ഇങ്ങനെ അലക്ഷ്യമായി വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് മാലിന്യങ്ങൾ കാണാം. സസ്യഭുക്കു കളായ ആന, കാട്ടുപോത്ത്, മ്ലാവ്, പുള്ളിമാൻ, കേഴമാൻ, കാട്ടുപന്നി, കൂരങ്ങ് എന്നിവ ഈ പ്ലാസ്റ്റിക് മാലിന്യങ്ങൾ ആഹരിച്ച് ദഹന പ്രവർത്തനങ്ങൾ സ്തംഭിച്ച് അവ മരണപ്പെട്ടുപോകുന്നു. വന യാത്രകളിൽ പ്ലാസ്റ്റിക് സഞ്ചികൾ ഭക്ഷിക്കുന്ന മാനുകളേയും പ്ലാസ്റ്റിക് പൊതിയിൽ ഉപേക്ഷിക്കപ്പെട്ട ആഹാരാവശിഷ്ടം ഭക്ഷിക്കാൻ പ്ലാസ്റ്റിക്കിനേയും ഭക്ഷിക്കുന്ന കുരങ്ങുകളേയും ഉപേക്ഷിക്കപ്പെട്ട ശീതളപാനീയങ്ങളുടെ കുപ്പികൾക്കു മരച്ചില്ലകളിൽ തല്ലുകൂടുന്ന കുരങ്ങു കളേയും കാണാറുണ്ട്. അടുത്തിടെ ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് കവറിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഉപ്പുരസമോ അതിലുണ്ടായിരുന്ന ശീതളപാനീയ ത്തിന്റെ രസമോ നുകരാൻ ഒരു നീർച്ചാലിനരികിൽ മത്സരിക്കുന്ന ചിത്രശലഭങ്ങളേയും കാണുകയുണ്ടായി. പ്ലാസ്റ്റിക് സഞ്ചികളാൽ മൂടപ്പെട്ട ആനപിണ്ഡം ഇപ്പോൾ പതിവ് വനകാഴ്ചയാണ്.

സമുദ്രനിരപ്പിൽനിന്നും ആറായിരം അടിക്കുമേലെ ഉയർന്ന ഒരു മലനിര കളിലേക്കുള്ള യാത്രയ്ക്കിടയിൽ ഒരു തെളിനീരുറവയിൽ സഞ്ചാരികളിലാരോ വലിച്ചെറിഞ്ഞ ഒരു പ്ലാസ്റ്റിക് കപ്പിൽ വിശ്രമിക്കുന്ന ഒട്ടൊക്കെ അപൂർവ്വനായ ഒരു കാട്ടുതുമ്പിയെ കണ്ടു. കണ്ണുനീർ പോലെ ശുദ്ധവും തെളിഞ്ഞതുമായ ഈ കുളിർ തെളിനീരാണ് ഈ കാട്ടു തുമ്പിയുടെ പ്രജനന കേന്ദ്രവും പ്രധാന ആവാസ വ്യവസ്ഥയും. പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് അവയുടെ ആവാസ വ്യവസ്ഥ ഇല്ലാതാക്കിയാൽ ഈ കാട്ടുതുമ്പിയുൾപ്പെടെ ഈ ശുദ്ധജല സ്രോതസ്സിനെ ആശ്രയിച്ചു കഴിയുന്ന അനേകം ജലജീവികൾ എന്നന്നേക്കു മായി ഭൂമിയിൽനിന്നും അപ്രത്യക്ഷമാകും.

## പ്ലാസ്റ്റിക് പുഴകൾ

വനാന്തരങ്ങളിൽനിന്ന് തണ്ണീർത്തട ങ്ങളിലേക്ക് യാത്രയായാൽ പ്ലാസ്റ്റിക് മാലിന്യ വിപത്ത് ഇതിലും വ്യാപ്തിയുള്ളതും ഭീതി ഉണർത്തുന്നതുമാണ്. നമ്മുടെ തടാകങ്ങൾ, ശുദ്ധജല സ്രോതസ്സുകൾ, ചതുപ്പുകളു മൊക്കെ നമുക്ക് ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും വലിച്ചെറിയാനുള്ള ഇടമാണെന്ന മിഥ്യാധാരണയിൽ ജീവിക്കുന്ന നാം മലയാളികൾ വിഡ്ഢികളുടെ മൂഢസ്വർഗത്തിലെന്നേ പറയേണ്ടതുള്ളൂ. കായൽപരപ്പിലൂടെ ഒഴുകിനടക്കുന്ന, നാം ഓമനപ്പേരോടെ വിളിക്കുന്ന സോഫ്റ്റ് ഡ്രിങ്കുകളുടെ കുപ്പികൾ, പ്ലാസ്റ്റിക് കപ്പുകൾ,

സ്നഗ്ഗികൾ എന്നിവയൊക്കെ നമ്മുടെ നീർത്തടബോധം വിളംബരം ചെയ്യുന്നയാണ്. ആഴത്തിലാണ്ടു കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വിഘടിച്ച് മൈക്രോ പ്ലാസ്റ്റിക് കണങ്ങളായി ജലജീവിതത്തിന്റെ അസ്തമയത്തിനായി തയ്യാറെടുക്കുന്ന കാഴ്ച നൊമ്പരപ്പെടുത്തുന്നതാണ്. ഈ മാലിന്യ നിക്ഷേപങ്ങൾക്കിടയിലും ഇളംതെന്നലായി പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന സന്നദ്ധസംഘടനകളും വ്യക്തികളുമുണ്ട്.

പ്ലാസ്റ്റിക് പക്ഷികളുടെ ജീവിതത്തെ എങ്ങനെ നേരിട്ടു ബാധിക്കുന്നു എന്നതിന് സാക്ഷിയാകുവാൻ പലവട്ടം കഴിഞ്ഞിട്ടുണ്ട്. കരുനാഗപ്പള്ളിക്കടുത്തുള്ള വെള്ളനാതുരുത്ത് ബീച്ചിൽ അവിടെ വിരുന്നിനെത്തുന്ന ദേശാടനപക്ഷികളുടെ കണക്കെടുക്കുകയായിരുന്നു. ഒരുമിച്ചു കടൽക്കരയിൽ വിശ്രമിക്കുന്ന ഒരു പറ്റം കടൽകാക്കകളിൽ നിന്നും കുറച്ചകലെ മാറിനിൽക്കുന്ന കടൽകാക്കയിലായി ശ്രദ്ധ. സൂക്ഷ്മനിരീക്ഷണത്തിൽ അതിൻെറ കൊക്കുകൾ വരിഞ്ഞുമുറുക്കി പ്ലാസ്റ്റിക് മീൻവലയുടെ കുരുക്ക് കണ്ടു. ആഹാരം കഴിക്കുവാനാകാതെ കൂട്ടം തെറ്റി മാറിനടക്കുന്ന കടൽകാക്കയുടെ കൊക്കിൽ കുരുങ്ങിയ വലക്ഷണം മാറ്റുവാൻ ഒരു ശ്രമം നടത്തിയെങ്കിലും ഞങ്ങളെ കണ്ടു ഭയന്ന് ആ കടൽകാക്ക കടലിലേക്ക് ചിറകടിച്ചുപോയ കാഴ്ച ഹൃദയ ഭേദകമായിരുന്നു.

മറ്റൊരിക്കൽ തിരുവനന്തപുരം വേളി അഴിമുഖത്തെ കടൽപക്ഷികളെ നിരീക്ഷിക്കവേ തിരമാലകളോട് ചേർന്ന് മണൽപരപ്പിൽ ചിറകുവിടർത്തിയിരിക്കുന്ന ദേശാടകനായ ആളചിന്നനെ കണ്ടു. സൂക്ഷിച്ചു നോക്കുമ്പോൾ അതിന്റെ കൊക്കുകളിലൂടെ തൊണ്ടയിൽ കുരുങ്ങിയിരിക്കുന്ന നേർത്ത വലനാരു കണ്ടു. ആ പക്ഷിയും ഇരതേടാനാകാതെ തീരത്തുകൂടി അലഞ്ഞുനടക്കുന്ന കാഴ്ച ദയനീയമായിരുന്നു. തണ്ണീർത്തടങ്ങളിലും കായൽപ്രദേശങ്ങളിലും വല കുരുങ്ങി വലയുന്ന പക്ഷികളുടെ ദൃശ്യം സുപരിചിതമായി തീർന്നിരിക്കുന്നു. നാം ജലാശയങ്ങൾ എത്രമാത്രം പ്ലാസ്റ്റിക് മാലിന്യമയമാക്കുന്നു എന്നതിന്റെ തെളിവാണ് ഈ കാഴ്ചകൾ. സാധാരണ പക്ഷികളെ കൂടാതെ വംശനാശ ഭീഷണി നേരിടുന്ന റെഡ് ഡാറ്റ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചേരക്കോഴിയും ഇങ്ങനെ പ്ലാസ്റ്റിക് വല കൊക്കിൽ കുരുങ്ങി മരണപ്പെടാറുണ്ട്.

നിത്യോപയോഗത്തിൽ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി ആവശ്യത്തിനും അതിലേറെ അനാവശ്യ ത്തിനും പ്ലാസ്റ്റിക് സഞ്ചിയെ ആശ്രയിക്കുന്ന രീതി അവസാനിപ്പിച്ച് തുണിസഞ്ചിയും കുറച്ചൊക്കെ പേപ്പറിനേയും ആശ്രയിച്ചാൽ കുറേയൊക്കെ മാലിന്യം കുറക്കുവാൻ പറ്റും. മൈക്രോപ്ലാസ്റ്റിക് അടങ്ങിയ സൗന്ദര്യ സംവർദ്ധക വസ്തുക്കൾ, ടൂത്ത് പേസ്റ്റ്, പൊടിയുന്ന പ്ലാസ്റ്റിക് ലേപനമുള്ള ഡിറ്റർജന്റ്, സിന്തെറ്റിക് തുണിത്തരങ്ങൾ എന്നിവ ഉപേക്ഷിക്കുകയോ ഉപയോഗം കുറയ്ക്കുകയോ ചെയ്താൽ തന്നെ പ്ലാസ്റ്റിക്കിനെ തുരത്തി ഓടിക്കുവാൻ അണ്ണാറക്കണ്ണനും തന്നാലായത് എന്ന രീതിയിൽ ചെയ്യാവുന്നതാണ്. പ്ലാസ്റ്റിക്കിനെ തുരത്തുവാൻ ഇനിയും അമാന്തിച്ചുകൂടാ എന്ന സന്ദേശത്തിലൂടെ നാമോരോരുത്തരും കർത്തവ്യ/കർമ്മനിരതരായി പ്ലാസ്റ്റിക്കിനെതിരെ പൊരുതിയാലേ പരിസ്ഥിതിയേയും ജൈവ വൈവിദ്ധ്യ ത്തേയും മാനവ രാശിയേയും നിലനിർത്തു വാനാകൂ. അതിലേറെ പ്രധാനം നമ്മുടെ തണ്ണീർത്തടങ്ങളും ചതുപ്പുകളും പ്ലാസ്റ്റിക് മാലിന്യങ്ങൾ തള്ളാവുന്ന വെറും ഉപയോഗശൂന്യമായ ഇടമല്ല, ശുദ്ധ ജലത്തിന്റെ ഉറവിടമാണ് എന്ന അവബോധം സൃഷ്ടിക്കലുമാണ്.

**സമകാലിക മലയാളം,**

**12 ജൂൺ, 2023.**

# Biodiversity Is Us And We Are Biodiversity

Kamal Bawa

The observance of International Biodiversity Day (May 22) was yet another reminder of the pivotal role our natural world plays in resolving the climate change crisis, which, along with the decline of biodiversity, poses an existential threat to our future. Biodiversity, the rich variety of life forms and their interconnections with each other and the environment, is everywhere: inside our bodies as ubiquitous microbiomes, in our backyards, villages, towns, and cities, and in remote wild places as well-organised ecological communities and ecosystems. Maintaining and enhancing biodiversity on land and in oceans is perhaps the least expensive mechanism to sequester carbondioxide from the atmosphere so as to cool our land and oceans.

Mitigation of climate change is but one of the several benefits we derive from biodiversity. It also fulfils our basic needs for food, shelter, medicines, mental health, recreation, and spiritual enrichment. To face the continuing decline in the quality of our environment, we will need to rely more and more on solutions that draw upon biodiversity or nature, also called nature-based solutions to secure our future. It is biodiversity that will restore our degraded lands and polluted rivers and oceans and sustain our agriculture in the face of climate change. It is biodiversity that will form the basis of a new sustainable green economy. And it is biodiversity that will inspire our children to opt for a more humane, just, and hopeful future, which accords primacy to the living world.

Despite the importance of biodiversity that ultimately sustains all human endeavours, we have been poor stewards for caring and nurturing life on earth. Globally as well as in India, we have failed to adequately conserve and manage our precious, irreplaceable natural heritage. Biodiversity is declining worldwide, and our last remaining, largely isolated ecosystems are degrading due to changes happening around them, such as loss of species, climate stressors, and continuous human pressures.

In India, the Forest (Conservation) Amendment Bill will further weaken our resolve to sustain the remaining biodiversity.

**Nurturing and managing biodiversity**

In many ways, biodiversity is us and we are biodiversity. Thus, civil

society must play a critical role in sustaining our biodiversity. A paradigm shift in the care of biodiversity, long overdue, must begin now, flowing from this International Biodiversity Day.

Let us first change the way we manage our biodiversity. Currently, the main custodian of the natural world is the Indian Forest Service. But the term "Forest" to describe our immense and unique natural heritage is flawed. India's biodiversity is not only on land but also in waterbodies, rivers, deltas, and oceans. A rich array of our ecosystems is in the form of grasslands, savannas, alpine pastures, deserts, and other types of ecological communities. Even in the 20th century, people had started to talk about living organisms and the interconnectedness manifested as ecosystems and ecosystem services in multifunctional landscapes dominated by humans. In the 21st century, the basic terms "forests" and "wildlife" have limited meaning or usefulness.

We must think of multifunctional landscapes, where aspirations, beliefs, traditional knowledge, and direct participation of local communities are central to the notion of conserving and sustaining life on earth. In 2006, policymakers in India enacted the Forest Rights Act, that called for an increase in the stake of indigenous groups in ownership as well as management of biodiversity. However, the Act largely remains on paper, yet to be implemented on the ground. Seventeen years later, it is time to even move beyond the Act's steps to fundamentally alter the way we manage our biodiversity. If biodiversity is everywhere, as it is, we must mainstream it into our daily actions - in every development programme, in every government department, in every public and private institution. And it is time to decentralise the management of biodiversity by bringing together multiple stakeholders, especially local communities, through gram sabhas and biodiversity management committees.

**Mainstreaming biodiversity**

This very mainstreaming of biodiversity is the goal of the proposed National Mission on Biodiversity and Human Wellbeing, an idea this writer has referred to in earlier columns. India's leading conservation biologists, working under the umbrella of the Biodiversity Collaborative based in Bengaluru, conceptualised the idea and developed a road map for the Mission approved in principle by the Prime Minister's Science, Technology, and Innovation Council.

The Mission will enable our country to meet critical challenges in climate change, natural and regenerative agriculture, and ecosystem

